2024 OCTOBER
30
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ബാങ്ക് അക്കൗണ്ട് ഇല്ലെങ്കിലും പണമടയ്ക്കാം; ഡിജിറ്റൽ വിപ്ലവമാകാൻ യുപിഐ സർക്കിൾ

**ന്യൂദൽഹി:** ഡിജിറ്റൽ ഇടപാടുകളിൽ വിപ്ലവാത്മകമായ മുന്നേറ്റം നടക്കുന്ന കാലമാണിത്. യുപിഐ പണമിടപാടുകൾ സാർവത്രികമായി മാറുന്ന കാലം. എന്നാൽ ഒരു യുപിഐ ഐഡി ഉപയോഗിച്ച് ഒന്നിൽ കൂടുതൽ ആളുകൾക്ക് പണമിടപാട് നടത്താൻ കഴിയുന്ന യുപിഐ സർക്കിൾ എന്ന സംവിധാനം നാഷണൽ പേയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ ഉപഭോക്താക്കൾക്കായി കൊണ്ടുവന്നിരിക്കുന്നു.

പ്രാഥമിക ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് ലിങ്കിങ് മാത്രമാണ് ഈ ഇടപാടുകൾക്ക് അടിസ്ഥാനമായി വേണ്ടത്. അതായത് ഒന്നിൽ കൂടുതൽ ആളുകൾക്ക് പേയ്മെന്റ് നടത്താനുള്ള ശൃംഖല പോലെയാണ് ഇത് ഉപയോഗിക്കപ്പെടുന്നത്. ഒരു കുടുംബത്തിലെ ഗൃഹനാഥൻ പ്രാഥമിക ഉപഭോക്താവാണെങ്കിൽ മറ്റുള്ളവരെ ദ്വിതീയ ഉപഭോക്താക്കളായി പേയ്മെന്റ് സംവിധാനം ഉപയോഗിക്കാൻ വേണ്ടി ചേർക്കാൻ സാധിക്കുമെന്ന് അർത്ഥം.




ഒരേ യുപിഐ ഐഡി ഉപയോഗിച്ച് ഒന്നിൽ കൂടുതൽ ആളുകൾക്ക് പണമിടപാടുകൾ നടത്താം എന്നതാണ് പ്രത്യേകത. എന്നാൽ പ്രാഥമിക ഉപഭോക്താവിന് മറ്റു ഉപഭോക്താക്കൾക്ക് പരിധി നിശ്ചയിച്ചു നൽകാനുള്ള സൗകര്യം ഈ സംവിധാനത്തിലുണ്ട്. ഫുൾ ഡെലിഗേഷൻ, പാർഷ്യൽ ഡെലിഗേഷൻ എന്നീ ഓപ്ഷനുകൾ അതിനായി ഉപയോഗിക്കാൻ സാധിക്കും.

ഫുൾ ഡെലിഗേഷൻ സൗകര്യം ഉപയോഗിച്ച് ഒരു മാസത്തെ പണമിടപാട് പരിധി 15,000 മായി നിജപ്പെടുത്താനും സാധിക്കും. സുരക്ഷിതത്വം കുറവാണെന്ന ആശങ്ക വേണ്ട, കാരണം പ്രാഥമിക ഉപഭോക്താവിന് എപ്പോൾ വേണമെങ്കിലും ആപ്പ് ലോഗിൻ ചെയ്ത് ഇടപാടുകൾ നിരീക്ഷിക്കാം. നിലവിൽ ബാങ്ക് അക്കൗണ്ട് ലിങ്ക് ചെയ്തിട്ടുള്ള യുപിഐ ഐഡി ഇടപാടുകൾക്ക് ആവശ്യമാണ്.

പാർഷ്യൽ ഡെലിഗേഷൻ സൗകര്യം ഉപയോഗിക്കുകയാണെങ്കിൽ പ്രാഥമിക ഉപഭോക്താവിന് ഒരു പേയ്മെന്റ് റിക്വസ്റ്റ് ചെല്ലുകയും അത് അംഗീകരിക്കപ്പെടുമ്പോൾ പേയ്മെന്റ് പൂർത്തിയാകുകയും ചെയ്യും. അതോടൊപ്പം നാഷണൽ പേയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ സുരക്ഷ ഉറപ്പാക്കാൻ ചില മാനദണ്ഡങ്ങളും നിർദേശങ്ങളും നല്കിയിട്ടുണ്ട്. നിലവിലുള്ള എല്ലാ പേയ്മെന്റ് ഇന്റർഫേസുകൾ വഴിയും യുപിഐ സർക്കിൾ ഉപയോഗിക്കാം.

ദ്വിതീയ ഉപഭോക്താക്കൾക്ക് ലോഗിൻ ചെയ്യാൻ ബയോമെട്രിക് അല്ലെങ്കിൽ പാസ്വേഡ് സൗകര്യം നിർബന്ധമാണ്. ഒരു പ്രാഥമിക ഉപഭോക്താവിന് പരമാവധി മറ്റ് അഞ്ച് ഉപഭോക്താക്കളെ മാത്രമേ യുപിഐ സർക്കിൾ സൗകര്യത്തിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ.

കുടുംബങ്ങളിൽ ഏറ്റവും പ്രയോജനകരമായ കൃത്യമായ നിരീക്ഷണ സംവിധാനമുള്ള പേയ്മെന്റ് സൗകര്യമാണ് യുപിഐ സർക്കിൾ എന്നതാണ് യാഥാർഥ്യം.

# ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞ് വൈദ്യുതി നിരക്ക് കൂട്ടും



**തിരുവനന്തപുരം:** സംസ്ഥാനത്ത് വൈദ്യുതി ചാർജ് കൂട്ടുന്നതിനുള്ള നടപടികൾ മുന്നോട്ട് പോകുന്നുണ്ടെങ്കിലും ഉപതെരഞ്ഞെടുപ്പുകൾ നടക്കാനിരിക്കെ ഉടൻ നിരക്ക് വർധിപ്പിക്കേണ്ടന്നാണ് നിലവിലെ തീരുമാനം.നിലവിലെ വൈദ്യുതി നിരക്ക് നവംബറിലും തുടരാനാണ് റെഗുലേറ്ററി കമ്മിഷൻറെ ഉത്തരവ്. നവംബർ 30 വരെയോ പുതിയ നിരക്ക് പ്രഖ്യാപിച്ചുള്ള ഉത്തരവ് വരുന്നതു വരെയോ ആയിരിക്കും നിലവിലെ നിരക്ക് ബാധകമാവുക. കെഎസ്ഇബി സമപ്പിച്ച അപേക്ഷ പരിഗണിച്ച് പുതിയ നിരക്കുകളുടെ പ്രഖ്യാപനം നവംബർ അവസാനത്തോടെ ഉണ്ടാവുമെന്നാണ് സൂചന. നിരക്ക് വർധന സംബന്ധിച്ച അപേക്ഷയിൽ തെളിവെടുപ്പ് അടക്കമുള്ള നടപടിക്രമങ്ങൾ റെഗുലേറ്ററി കമ്മിഷൻ പൂർത്തിയാക്കിയിരുന്നു.

ഇലക്ട്രിസിറ്റി ആക്റ്റിലെ സെക്ഷൻ 64 പ്രകാരം നിരക്ക് പരിഷ്കരിക്കാനുള്ള അപേക്ഷ ലഭിച്ച് 120 ദിവസത്തിനകം തെളിവെടുപ്പുകൾ പൂർത്തിയാക്കി അന്തിമ തീരുമാനം എടുക്കണമെന്നാണ് വ്യവസ്ഥ. ഓഗസ്റ്റ് രണ്ടിനാണ് കെഎസ്ഇബി അപേക്ഷ നൽകിയത്.

നഷ്ടക്കണക്കുകൾ നിരത്തി നിരക്ക് ഉയർത്താനുള്ള കെഎസ്ഇബി ആവശ്യത്തിനെതിരെ തെളിവെടുപ്പുകളിൽ കടുത്ത വിർമശനമാണ് ഉപഭോക്താക്കളുടെ പ്രതിനിധികൾ ഉയർത്തിയത്. സ്ഥാപനം കാര്യക്ഷമമായി നടത്താനാകാത്തതിൻറെ ബാധ്യത വൈദ്യുതി നിരക്ക് വർധിപ്പിച്ച് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്നതിനെതിരെയായിരുന്നു പ്രതിഷേധം.


അതേസമയം, വേനൽക്കാലത്തെ വലിയ തോതിലെ വൈദ്യുതി ഉപയോഗം, ഇതുമൂലം ഉയർന്ന വില നൽകി കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങിയതിൻറെ അധിക ബാധ്യത എന്നിങ്ങനെയുള്ള ചെലവുകൾ നികത്താൻ നിരക്ക് വർധന അനിവാര്യമാണെന്നാണ് കെഎസ്ഇബി ആവശ്യപ്പെടുന്നത്. ഉപതെരഞ്ഞെടുപ്പുകൾ നടക്കാനിരിക്കെ ഉടൻ നിരക്ക് വർധിപ്പിക്കേണ്ടന്നാണ് നിലവിലെ തീരുമാനം.

## കേരള ഹൈക്കോടതിയിലേക്ക് 5 അഡീഷനൽ ജഡ്ജിമാർ

**കൊച്ചി:** കേരള ഹൈക്കോടതിയിലേക്ക് അഞ്ച് അഡീഷനൽ ജഡ്ജിമാരെക്കൂടി നിയമിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. സുപ്രീം കോടതി കൊളീജിയം ശുപാർശ ചെയ്ത 5 പേരെ നിയമിച്ചുകൊണ്ടുള്ള രാഷ്ട്രപതിയുടെ വിജ്ഞാപനമാണ് ഇന്ന് പുറപ്പെടുവിച്ചിരിക്കുന്നത്. ഇതോടെ കേരള ഹൈക്കോടതിയിലെ ജഡ്ജിമാരുടെ എണ്ണം 45 ആയി. ഹൈക്കോടതി രജിസ്ട്രാർ ജനറൽ പി.കൃഷ്ണകുമാർ, ഹൈക്കോടതി വിജിലൻസ് രജിസ്ട്രാർ കെ.വി.ജയകുമാർ, കോഴിക്കോട് പ്രിൻസിപ്പൽ ജില്ലാ ആൻഡ് സെഷൻസ് ജഡ്ജി എസ്.മുരളി കൃഷ്ണ, ഹൈക്കോടതിയിലെ ജില്ലാ ജുഡീഷ്യറി രജിസ്ട്രാർ ജോബിൻ സെബാസ്റ്റ്യൻ, തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ ആൻഡ് സെഷൻസ് ജഡ്ജി പി.വി.ബാലകൃഷ്ണൻ എന്നിവരാണ് പുതുതായി നിയമിക്കപ്പെട്ട അഡീഷനൽ ജഡ്ജിമാർ.

## നയിം ഖാസിം ഹിസ്ബുള്ള തലവൻ

**ജറുസലം:** നയിം ഖാസിം ഹിസ്ബുല്ലയുടെ പുതിയ തലവൻ. ഹസൻ നസ്റല്ല ഇസ്രയേൽ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടതിനെ തുടർന്നാണ് പുതിയ തലവനെ തിരഞ്ഞെടുത്തത്. ഹിസ്ബുല്ലയുടെ വക്താവ് കൂടിയാണ് ഇയാൾ. ഇസ്രയേലുമായുള്ള സംഘർഷങ്ങൾക്കിടെ ഇയാൾ പലപ്പോഴും വിദേശ മാധ്യമങ്ങളുടെ അഭിമുഖങ്ങളിൽ പ്രത്യക്ഷപ്പെടുമായിരുന്നു. ഹസൻ നസ്റല്ലയുടെ കൊലപാതകത്തിനു ശേഷം ടെലിവിഷൻ പരാമർശങ്ങൾ നടത്തിയ ഹിസ്ബുല്ലയുടെ ഉന്നത നേതൃത്വത്തിലെ ആദ്യത്തെ അംഗമായിരുന്നു ഇയാൾ.



സൊസൈറ്റി ടുഡേ
SOCIETY TODAY




# പോളിമർ സയൻസിലെ നിലവിലെ പ്രവണതകളെക്കുറിച്ചുള്ള ദേശീയ സമ്മേളനം സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പ് പോളിമർ സയൻസിലെ നിലവിലെ പ്രവണതകളെക്കുറിച്ചുള്ള ദേശീയ സമ്മേളനനമായ സിടിപിഎസ് 2024നും അതിനോടനുബന്ധിച്ചു നടന്ന എപോച്ച്2024 എക്സിബിഷനും സമാപിച്ചു.

സമ്മേളനം കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്തു, ആഗോള വെല്ലുവിളികളെ നേരിടാൻ പോളിമർ സയൻസിലെ സുസ്ഥിര വസ്തുക്കളുടെയും സാങ്കേതിക പുരോഗതിയുടെയും പ്രാധാന്യം പ്രൊഫ. ബുഷിരി വിശദീകരിച്ചു.

രജിസ്ട്രാർ പ്രൊഫ. (ഡോ.) എ.യു. അരുൺ, ടെക്നോളജി ഫാക്കൽറ്റി ഡീൻ പ്രൊഫ. (ഡോ.) കൈലാസനാഥ് എം., പി.എസ്. ആൻഡ് ആർ.ടി വിഭാഗം അഡ്ജങ്ക്റ്റ് പ്രൊഫസർ പ്രൊഫ. (ഡോ.) സുനിൽ കെ. നാരായണൻകുട്ടി എന്നിവർ സംസാരിച്ചു. പോളിമർ വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും തുടരുന്ന മികവിന് വകുപ്പിന് അഭിനന്ദനങ്ങളുടെ കൂടി വേദിയായി സമ്മേളനം.

ദേശീയ സാങ്കേതിക പ്രദർശനമായ എപോച്ചിൽ പോളിമർ സാങ്കേതികവിദ്യയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു. സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഏറെ പ്രചോദനമായി ഈ വേദി.

## കുസാറ്റ്: അസിസ്റ്റന്റ് എൻജിനീയർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ എൻജിനീയറിങ് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിയമനത്തിന് യോഗ്യതയുള്ള ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബി.ടെക് ബിരുദമോ തത്തുല്യമോ അല്ലെങ്കിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഒന്നാം ക്ലാസ് ഡിപ്ലോമയോ ഓവർസിയർ ഗ്രേഡ്1 (ഇലക്ട്രിക്കൽ) ആയി 3 വർഷത്തെ പരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം. നിയമനത്തിന്റെ പ്രാരംഭ കാലയളവ് ഒരു വർഷത്തേക്കാണ്, അത് 2 വർഷം വരെ നീട്ടാം. താൽപ്പര്യമുള്ള ഉ ദ ്യാഗാർത്ഥികൾ www.recruit.cusat.ac.in എന്ന വെബ്സൈറ്റ് വഴി 30.11.2024നോ അതിനുമുമ്പോ ഓൺലൈനായി അപേക്ഷിക്കാം. ഫോമിനൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പരിചയം, കമ്മ്യൂണിറ്റി എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം ഒപ്പിട്ട ഹാർഡ് കോപ്പി 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കുസാറ്റ്, കൊച്ചി22' എന്ന വിലാസത്തിൽ 07.12.2024നോ അതിനുമുമ്പോ ലഭിക്കണം. കവറിനു മുകളിൽ 'കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള അപേക്ഷ' എന്നും രേഖപ്പെടുത്തണം.

## താത്കാലിക ഒഴിവ്

**കൊച്ചി:** കളമശ്ശേരി ഗവ.ഐ.ടി.ഐ. ക്യാംപസിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ.അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം സ്ഥാപനത്തിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ താത്കാലിക ഒഴിവുണ്ട്. ഓപ്പറേഷൻ ആന്റ് മെയിൻറനൻസ് ഓഫ് മറൈൻ ഡീസൽ എഞ്ചിൻസ് എന്ന മൂന്ന് മാസം ദൈർഘ്യമുള്ള കോഴ്സിൽ ഓപ്പൺ കാറ്റഗറിയിലാണ് ഒഴിവ്. മെക്കാനിക്ക് ഡീസൽ/മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ട്രേഡിൽ സി വി ടി സർട്ടിഫിക്കറ്റും ഏഴ് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്ക് ഡീസൽ/മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ട്രേഡിൽ എൻഎസി സർട്ടിഫിക്കറ്റും ആറ് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ ഓട്ടോമോബൈൽ എഞ്ചിനീയറിംഗിൽ ഡിപ്ളോമയും അഞ്ച് വർഷം വരെ പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്ക്/ഓട്ടോമോബൈൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയും പ്രസ്തുത മേഖലയിൽ രണ്ട് വർഷം വരെ പ്രവർത്തന പരിചയവും ആണ് യോഗ്യത. 24000 രൂപ പ്രതിമാസ വേതനം ലഭിക്കും. താത്പര്യമുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ നവംബർ നാലിന് രാവിലെ 11 ന് അസൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ എ.വി.ടി.എസ്. പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം.



# ക്വാറികളിൽ പരിശോധന നടത്തി

**കോഴിക്കോട്:** സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം, കോഴിക്കോട് സബ് കളക്ടർ ഹർഷിൽ ആർ മീണയുടെ നേതൃത്വത്തിൽ, കോഴിക്കോട് താലൂക്കിലെ വിവിധ ക്വാറികളിൽ പരിശോധന നടത്തി. തദ്ദേശ സ്വയംഭരണം, മൈനിംഗ് ആന്റ് ജിയോളജി, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലെ ഉദ്യോഗസ്ഥരടങ്ങിയ സംഘം കൊടിയത്തൂർ മേഖലയിലെ ക്വാറികളിലാണ് പരിശോധന നടത്തിയത്.

ക്വാറികളുടെ ഖനനാനുമതി, എക്സ്പ്ലോസീവ് ലൈസൻസ്, പാരിസ്ഥിതിക പഠന റിപ്പോർട്ട്, നിയമപരമായി സ്ഥാപിക്കേണ്ട ജിപിഎസ് റീഡിംഗ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ, ക്വാറിയുടെ അതിരുകളിൽ ഏർപ്പെടുത്തിയ സുരക്ഷാ ഫൻസിംഗ് തുടങ്ങിയ കാര്യങ്ങളാണ് പരിശോധിച്ചത്. സംഘം രേഖകൾ പരിശോധിക്കുകയും ഖനന സൈറ്റുകളിലെത്തി മൈനിംഗ് പ്ലാൻ പ്രകാരമുള്ള കാര്യങ്ങൾ നേരിട്ട് വിലയിരുത്തുകയും ചെയ്തു.

പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ വച്ച് സംഘം സമഗ്ര റിപ്പോർട്ട് തയ്യാറാക്കി ജില്ലാ കളക്ടർക്ക് ഉടൻ നൽകും. ക്വാറിയിൽ ജോലിചെയ്യുന്നവരുടെ വിവരങ്ങൾ, പരിചയം, വിവിധ ലൈസൻസിൽ നിർദ്ദേശിച്ച നടപടിക്രമങ്ങളുടെ പാലനം എന്നിവയും സംഘം പരിശോധിച്ചു.

കോഴിക്കോട് താലൂക്കിൽ മാത്രം 36 ൽപ്പരം ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ഹൈക്കോടതി ഉത്തരവ് പ്രകാരം, ക്വാറികളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥതല സംഘം രൂപീകരിക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്, വടകര ആർഡിഒമാരുടെ നേതൃത്വത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി ജില്ലയിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ജില്ലാതല കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

അനധികൃത ക്വാറികളുടെ പ്രവർത്തനം തടയുന്നതിനും ക്വാറികളുമായി ബന്ധപ്പെട്ട പരാതികളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനുമാണ് കമ്മിറ്റി രൂപീകരിച്ചത്.

ഫീൽഡ്തല പരിശോധനക്ക് കോഴിക്കോട് സബ് കലക്ടർ ഹർഷിൽ മീണ നേതൃത്വം നൽകി. കോഴിക്കോട് തദ്ദേശസ്വയംഭരണവകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പൂജ ലാൽ, ഇന്റേണൽ വിജിലൻസ് ഓഫീസർ ടി ഷാഹുൽ ഹമീദ്, മൈനിംഗ് & ജിയോളജിക്കൽ അസിസ്റ്റന്റ് ശ്രുതി, ആർ രേഷ്മ, മലിനീകരണ നിയന്ത്രണ ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ കെ ബിജേഷ്, മുക്കം പോലീസ് സബ് ഇൻസ്പെക്ടർ ശ്രീജിത്ത്, തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരായ ഷനിൽകുമാർ, പത്മകുമാർ, രതിദേവി, മനീഷ് എന്നിവർ ഫീൽഡ് പരിശോധനയിൽ പങ്കെടുത്തു.

# പോളിംഗ് യന്ത്രങ്ങളുടെ ഒന്നാംഘട്ട റാൻഡമൈസേഷൻ പൂർത്തിയായി

**ബത്തേരി:** വയനാട് ഉപതെരഞ്ഞെടുപ്പിന്റെ ഭാഗമായി തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പോളിങ് യന്ത്രങ്ങളുടെ ഒന്നാംഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. വോട്ടിംഗ് യന്ത്രങ്ങളുടെയും വിവിപാറ്റിന്റെയും റാൻഡമൈസേഷനാണ് ചൊവ്വാഴ്ച ജില്ലാ കളക്ടറുടെ ചേമ്പറിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ നടന്നത്. 30 ശതമാനം റിസർവ് യന്ത്രങ്ങളുടേത് ഉൾപ്പെടെയുള്ള റാൻഡമൈസേഷനാണ് പൂർത്തിയായത്.



മൂന്ന് ഓക്സിലറി ബൂത്തുകൾ ഉൾപ്പെടെ 181 പോളിംഗ് ബൂത്തുകളാണ് വയനാട് ലോക്സഭ മണ്ഡലത്തിൽ ഉൾപ്പെട്ട തിരുവമ്പാടി നിയോജക മണ്ഡലത്തിലുള്ളത്. ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ്, ഡെപ്യൂട്ടി കളക്ടർ (തെരഞ്ഞെടുപ്പ്) ശീതൾ ജി മോഹൻ, രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ചു ബോസ് ജേക്കബ് (കോൺഗ്രസ്), പി അബ്ദുൾ മജീദ് (മുസ്ലിം ലീഗ്), പി ടി ആസാദ് (ജനതാദൾ എസ്) എന്നിവർ പങ്കെടുത്തു.

തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള ഒന്നാംഘട്ട പരിശീലനം താമരശ്ശേരി കോരങ്ങാട് ഐഎച്ച്ആർഡി കോളേജിൽ ചൊവ്വാഴ്ച തുടങ്ങി. രണ്ട് ബാച്ച് ഉദ്യോഗസ്ഥർ പരിശീലനം പൂർത്തിയാക്കി. പരിശീലനം ഇന്നും തുടരും.

# സംസ്ഥാനത്ത് ലൈസൻസില്ലാത്ത 10,000 ത്തോളം റിക്രൂട്ട്മെന്റ് സ്ഥാപനങ്ങൾ

**തിരുവനന്തപുരം:** വിദേശ പഠനം, തൊഴിൽ കുടിയേറ്റം എന്നിവയിൽ വ്യാപകമായ തട്ടിപ്പുകൾ തടയുന്നതിന് ദേശീയതലത്തിൽ സമഗ്ര നിയമനിർമാണം അനിവാര്യമെന്ന് നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വിവിധ ഏജൻസികളുടെ കൺസൽറ്റേഷൻ യോഗം വിലയിരുത്തി.

രാജ്യത്ത് അനധികൃത വിദേശ തൊഴിൽ റിക്രൂട്ട്മെന്റുകൾ, വീസാ തട്ടിപ്പ്, സ്റ്റുഡന്റ് വീസാ തട്ടിപ്പ്, വിസിറ്റ് വീസയിലെത്തിയുള്ള റിക്രൂട്ട്മെന്റ് എന്നിവ നിയന്ത്രിക്കുന്നതിലും ലൈസൻസിങ് ഏർപ്പെടുത്തുന്നതിലും നിലവിലെ എമിഗ്രേഷൻ ആക്ടിൽ (1983) പരിമിതികളുണ്ട്. സംസ്ഥാനത്തു മാത്രം ലൈസൻസില്ലാത്ത 10,000 ത്തോളം റിക്രൂട്ട്മെന്റ് കൺസൽട്ടിങ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് തിരുവനന്തപുരം പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് സി. ശ്യാംചന്ദ് ചൂണ്ടിക്കാട്ടി. നിയമപരമായ പരിമിതികളിലാണ് എജ്യൂക്കേഷണൽ കൺസൾട്ടൻസികളുടെ മറവിൽ നടത്തുന്ന വിദേശ റിക്രൂട്ട്മെന്റുകൾക്കെതിരെ നടപടിയെടുക്കുന്നതിനും ലൈസൻസ് ഏർപ്പെടുത്തുന്നതിനും കഴിയാത്തത്. വ്യാജ റിക്രൂട്ട്മെന്റുകൾ സംബന്ധിച്ച നോർക്ക റൂട്ട്സിന്റെ ആശങ്കകൾ റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ യോഗത്തെ അറിയിച്ചു. സംസ്ഥാന തലത്തിൽ പ്രത്യേക നിയമനിർമാണം സാധ്യമാകുമോ എന്നതു നിയമവകുപ്പുമായി ആലോചിക്കാനും യോഗത്തിൽ തീരുമാനിച്ചു.

തിരുവനന്തപുരം തൈയ്ക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ നോർക്ക, ആഭ്യന്തര വകുപ്പ്, നിയമവകുപ്പ്, പോലീസ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, പഞ്ചാബ് സർക്കാർ, റിക്രൂട്ട്മെന്റ് ഏജൻസി, ലോകകേരള സഭ, സി.ഡി.എസ്, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ തുടങ്ങി 20 ഓളം ഏജൻസികളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. സംസ്ഥാന ധനകാര്യ കമ്മിഷൻ ചെയർമാൻ കെ.എൻ. ഹരിലാൽ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. കെ രവി രാമൻ, നോർക്ക വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി, കെ.എ.എസ്.ഇ മാനേജിംഗ് ഡയറക്ടർ സൂഫിയാൻ അഹമ്മദ്, ലോക കേരള സഭ ഡയറക്ടർ ആസിഫ് കെ യൂസഫ്, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി, പഞ്ചാബ് എൻ.ആർ.ഐ സെൽ എഡിജിപി പ്രവീൺ കുമാർ സിൻഹ, ഐ ഐ എം എ ഡിയിൽ നിന്നും ഡോ. ഇരുദയ രാജൻ, സി.ഡി.എസിൽ നിന്നും ഡോ. വിനോജ് എബ്രഹാം തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

# നാഷണൽ സർവീസ് സ്കീം സംസ്ഥാന പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും

**തിരുവനന്തപുരം:** 2022-23 വർഷത്തെ നാഷണൽ സർവീസ് സ്കീമിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ ഒക്ടോബർ 30ന് മുഖ്യമന്ത്രി സമ്മാനിക്കും. മന്ത്രി ആർ ബിന്ദുവിന്റെ അധ്യക്ഷതയിൽ വൈകിട്ട് അഞ്ചുമണിക്ക് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിലാണ് പുസ്കാരസമർപ്പണ ചടങ്ങ്.

തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ, വി കെ പ്രശാന്ത് എംഎൽഎ, എംപിമാരായ ഡോ. ശശിതരൂർ, എ എ റഹീം, ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയ് എന്നിവർ സന്നിഹിതരാകും.

സംസ്ഥാനതലത്തിൽ വിദഗ്ധസമിതി തിരഞ്ഞെടുത്ത ഏറ്റവും മികച്ച യൂണിറ്റുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കും വോളന്റിയർമാർക്കും സർവ്വകലാശാലകൾക്കും ഡയറക്ടറേറ്റുകൾക്കുമാണ് മുഖ്യമന്ത്രി പുരസ്കാരങ്ങൾ സമ്മാനിക്കുകയെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങൾ കൊണ്ട് ക്യാമ്പസുകളുടെ കാവലാളുകൾ ആവാൻ ഈ സന്നദ്ധസംഘത്തിന് കഴിഞ്ഞിട്ടുണ്ട്. അറുനൂറിലധികം സ്നേഹഭവനങ്ങൾ, ആസാദ് സേനയടക്കം ലഹരിക്കെതിരായ കർമ്മപരിപാടികൾ, മാലിന്യനിർമ്മാർജ്ജന സംരംഭങ്ങൾ, ചെറു മാന്തോപ്പ് പദ്ധതി, സ്നേഹാരാമങ്ങൾ, അയ്യായിരത്തിലധികം മെഡിക്കൽ ക്യാമ്പുകൾ സ്കൂൾ ദത്തെടുക്കൽ, സൈബർ സുരക്ഷാപദ്ധതികൾ, സംസ്ഥാനത്ത് ഉടനീളമുള്ള പാലിയേറ്റിവ് പ്രവർത്തനങ്ങൾ തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവർക്കുള്ള ആദരസമർപ്പണമാണ് പുരസ്കാരങ്ങളെന്നും പറഞ്ഞു.

# ഭിന്നശേഷിക്കാർക്ക് സൗജന്യ പരിശീലനം

**തിരുവനന്തപുരം:** ഭാരത സർക്കാരിന്റെ തൊഴിൽ വകുപ്പിനു കീഴിൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്കുള്ള ദേശീയ തൊഴിൽ സേവന കേന്ദ്രം ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സ്മാർട്ട്ഫോൺ അസംബ്ലിംഗ് ആൻഡ് സർവീസ് കോഴ്സിലേക്ക് 30 ദിവസത്തെ പരിശീലനം നൽകുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. കുറഞ്ഞത് 40 ശതമാനമോ അതിനു മുകളിലോ വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് സൗജന്യമായി പ്രവേശനം നൽകും. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2530371, 8590516669, 8089201400.

# റൺ ഫോർ യൂണിറ്റി കേന്ദ്ര ആഭ്യന്തര , സഹകരണ മന്ത്രി അമിത് ഷാ ഫ്ളാഗ് ഓഫ് ചെയ്തു

**ന്യൂഡൽഹി :** ന്യൂഡൽഹിയിൽ സംഘടിപ്പിച്ച 'റൺ ഫോർ യൂണിറ്റി' കേന്ദ്ര ആഭ്യന്തര, സഹകരണ വകുപ്പ് മന്ത്രി അമിത് ഷാ ഫ്ലാഗ് ഓഫ് ചെയ്തു. സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനമായ ഒക്ടോബർ 31ന് ആഘോഷിക്കുന്ന ദേശീയ ഏകതാ ദിനത്തിന്റെ ഭാഗമായാണ് 'റൺ ഫോർ യൂണിറ്റി' സംഘടിപ്പിച്ചത്. കേന്ദ്ര ക്യാബിനറ്റ് മന്ത്രിമാരായ മനോഹർ ലാൽ ഖട്ടർ, ഡോ. മൻസുഖ് മാണ്ഡവ്യ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ്, ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

മഹാനായ നേതാവ് സർദാർ വല്ലഭായ് പട്ടേലിന്റെ സ്മരണയിൽ, രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി പ്രതിജ്ഞയെടുക്കുന്നതിനായി 'റൺ ഫോർ യൂണിറ്റി' സംഘടിപ്പിക്കാൻ 2015ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി തീരുമാനിച്ചതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. അന്നുമുതൽ, 'റൺ ഫോർ യൂണിറ്റി'യിലൂടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി രാജ്യം മുഴുവൻ പ്രതിജ്ഞയെടുക്കുക മാത്രമല്ല, ഭാരതമാതാവിന്റെ സേവനത്തിനായി സ്വയം സമർപ്പിക്കുകയും ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു. 2047ഓടെ ലോകത്തിലെ എല്ലാ മേഖലകളിലും ഏറ്റവും മുന്നിലും പൂർണ്ണമായി വികസിതവുമായ ഇന്ത്യയെ കെട്ടിപ്പടുക്കണമെന്ന പ്രതിജ്ഞ എല്ലാ പൗരന്മാരുടെയും മുമ്പാകെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി മുന്നോട്ട് വെച്ചിട്ടുള്ളതായും അമിത് ഷാ വ്യക്തമാക്കി.

ഇന്ത്യ ഇന്ന്, അഭിവൃദ്ധി പ്രാപിക്കുന്നതും വികസിക്കുന്നതും ശക്തവുമായ ഒരു രാഷ്ട്രമായി ലോകത്തിന് മുന്നിൽ നിലകൊള്ളുന്നതായി ശ്രീ അമിത് ഷാ പറഞ്ഞു. നാം ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുകയാണെങ്കിൽ, സ്വാതന്ത്ര്യാനന്തരം, 550 ലധികം നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് ഇന്നത്തെ ഇന്ത്യ സൃഷ്ടിക്കാൻ കഴിഞ്ഞത് സർദാർ സാഹബിന്റെ ശക്തമായ ഇച്ഛാശക്തിയും അദ്ദേഹം കൈക്കൊണ്ട പെട്ടെന്നുള്ള തീരുമാനങ്ങളുമാണെന്ന് ശ്രീ ഷാ പറഞ്ഞു. സർദാർ പട്ടേലിന്റെ ശക്തമായ ഇച്ഛാശക്തി മൂലമാണ് ഇന്ന് ഇന്ത്യ ലോകത്തിന് മുന്നിൽ ഐക്യത്തോടെ ശക്തമായി നിൽക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എല്ലാ മേഖലകളിലും നേതൃനിരയിലെത്താനുള്ള പാതയിൽ ഇന്ന് ഇന്ത്യ ലോകത്തിന് മുന്നിൽ ശക്തമായി നിൽക്കുന്നുവെന്നും അതിന്റെ അടിത്തറ പാകിയത് സർദാർ പട്ടേലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർദാർ പട്ടേലിനെ വർഷങ്ങളോളം വിസ്മരിക്കുകയും അദ്ദേഹത്തിന് അർഹമായ ഭാരതരത്ന നൽകാതിരിക്കുകയും ചെയ്തത് നിർഭാഗ്യകരമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി പറഞ്ഞു. ഗുജറാത്തിലെ കെവാദിയയിൽ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പ്രതിമ നിർമിച്ചതിലൂടെ പ്രധാനമന്ത്രി മോദി സർദാർ പട്ടേലിന്റെ സ്മരണ നിലനിർത്തിയെന്നും അദ്ദേഹം പറഞ്ഞു. എല്ലാ മേഖലകളിലും സർദാർ പട്ടേലിന്റെ കാഴ്ചപ്പാടുകൾക്കും ആശയങ്ങൾക്കും സന്ദേശത്തിനും പ്രധാനമന്ത്രി മോദി ശക്തമായ പ്രാധാന്യം നൽകിയിട്ടുണ്ടെന്ന് ശ്രീ ഷാ പറഞ്ഞു.

സർദാർ പട്ടേലിന്റെ മഹത്തായ ആശയങ്ങൾ തീർച്ചയായും രാജ്യത്തെ യുവതലമുറയ്ക്ക് വഴികാട്ടിയായി മാറുമെന്ന് ശ്രീ അമിത് ഷാ പറഞ്ഞു.

റൺ ഫോർ യൂണിറ്റി'യിലൂടെ ഇന്ത്യയുടെ ഐക്യം ശക്തിപ്പെടുത്താനും 2047ഓടെ സമ്പൂർണമായി വികസിതമായ ഇന്ത്യയെന്ന സ്വപ്നം സാക്ഷാത്കരിക്കാനും പ്രതിജ്ഞയെടുക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രി പൗരന്മാരോട് ആഹ്വാനം ചെയ്തു.

# കേരളപ്പിറവിദിനത്തിൽ ഹരിത പ്രഖ്യാപനങ്ങളുമായി സംസ്ഥാനം

**തിരുവനന്തപുരം:** ശുചിത്വ കേരളം സുസ്ഥിര കേരളം ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ലക്ഷ്യത്തിലേക്ക് എത്തുന്നതിന്റെ ഭാഗമായുള്ള ഹരിത മാതൃകാ പ്രഖ്യാപനങ്ങൾ സംസ്ഥാനത്ത് നവംബർ 1 കേരളപ്പിറവി ദിനത്തിൽ നടക്കും. ഒക്ടോബർ 2 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ഈ ജനകീയ ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

അഞ്ച് ഘട്ടങ്ങളിലായി നടത്തുന്ന ക്യാമ്പയിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പ്രഖ്യാപിക്കുന്ന കേരളപ്പിറവി ദിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഹരിത ടൌണുകൾ, ഹരിത മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, ഹരിത ടൂറിസം കേന്ദ്രങ്ങൾ, ഹരിത വിദ്യാലയങ്ങൾ, ഹരിത സ്ഥാപനങ്ങൾ, ഹരിത കലാലയങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ തുടങ്ങിയവയാണ് ഹരിത പദവിയിലേക്ക് എത്തുന്നത്.

നവംബർ 1 ന് കേരളത്തിൽ 13353 സ്ഥാപനങ്ങളും ഓഫീസുകളുമാണ് ഹരിതമായി പ്രഖ്യാപിക്കുന്നത്. എല്ലാ ജില്ലകളിലുമായി 68 ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇന്നേ ദിവസം ഹരിത ടൂറിസം കേന്ദ്രങ്ങളായി മാറും. 810 ടൌണുകൾ ഹരിത സുന്ദരടൌണുകളായി പ്രഖ്യാപിക്കും. 6048 ഹരിതവിദ്യാലയങ്ങളെയും 315 പൊതുസ്ഥലങ്ങളെയും 298 ഹരിത കലാലയങ്ങളെയും ഹരിതമാക്കി പ്രഖ്യാപിക്കും. 24713 അയൽക്കൂട്ടങ്ങളാണ് കേരളപ്പിറവിയിൽ ഹരിത പദവിയിലേക്ക് എത്തുന്നത്. 2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനംമുതൽ 2025 മാർച്ച് 30 വരെ (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം ) വരെയാണ് ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുക. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ടൌണുകൾ, ടൂറിസം കേന്ദ്രങ്ങൾ എന്നിവ മാലിന്യമുക്തമാക്കി സൌന്ദര്യവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യാപാരി വ്യവസായി സംഘടനകൾ, ഗ്രന്ഥശാലകൾ, രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി സംഘടനകൾ, യുവജനപ്രസ്ഥാനങ്ങൾ , വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണത്തോടെ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ട്, ക്ലീൻ കേരള കമ്പനി, കില, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ ഏകോപനത്തിൽ എല്ലാ ജനവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെയാണ് ആറുമാസം നീണ്ടുനിൽക്കുന്ന ഈ ജനകീയ ക്യാമ്പയിൻ കേരളം ഏറ്റെടുത്തിരിക്കുന്നത്.

# ശിവഗിരി തീർത്ഥാടന പദയാത്ര ഡിസംബർ 27 പുറപ്പെടും

**കോട്ടയം:** ശിവഗിരി മഠം ഗുരുധർമ്മ പ്രചരണ സഭ കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് നടത്തുന്ന രണ്ടാമത് പദയാത്ര ഡിസംബർ 27ന് രാവിലെ ശിവഗിരി മഠം ശാഖാ സ്ഥാപനമായ പാമ്പാടി ഓർവയൽ അയ്യൻകോവിക്കൽ ഗുരുദേവ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്നും ആരംഭിക്കുന്നതാണ്. പദയാത്രയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 8891048448, 9446713034, 9495235801 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കൊച്ചിയിൽ നടന്ന റോസ്ഗർ മേളയിൽ 135 പേർക്ക് നിയമന പത്രം കൈമാറി

**കൊച്ചി :** യുവാക്കളുടെ അഭിലാഷങ്ങൾക്കും രാജ്യം നൽകുന്ന അവസരങ്ങൾക്കും ഇടയിലുള്ള പാലമായാണ് റോസ്ഗർ മേള നിലകൊള്ളുന്നതെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതിവാതക ടൂറിസം സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. ദേശീയ തല റോസഗാർ മേളയുടെ ഭാഗമായി തപാൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചുസംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതുതായി നിയമിതരായവരെ സുരേഷ് ഗോപി അഭിനന്ദിക്കുകയും അവരുടെ സമർപ്പണവും സമഗ്രതയും കഠിനാധ്വാനവും രാജ്യത്തിന്റെ ഭാവിയെ രൂപപ്പെടുത്തുമെന്നും ഓർമ്മിപ്പിച്ചു. ഓരോ നിയമനവും ഒരു ജോലിയേക്കാൾ ഉപരിയാണ്. ഇത് നമ്മുടെ രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും അർത്ഥപൂർണ്ണമായി രാജ്യത്തെ സേവിക്കാനും സംഭാവന ചെയ്യാനുമുള്ള പ്രതിബദ്ധതയാണെന്ന് മന്ത്രി പറഞ്ഞു. പുതിയതായി നിയമിതരായവരുടെ വിജയത്തിൽ മാതാപിതാക്കൾ വഹിച്ച നിസ്തുലമായ പങ്കിനെ കുറിച്ചും ചടങ്ങിൽ മന്ത്രി ഊന്നിപ്പറഞ്ഞു.രാജ്യത്തുടനീളം 40 സ്ഥലങ്ങളിൽ ഇന്ന് റോസ്ഗാർ മേള നടന്നു. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗിലൂടെ 51,000ത്തിലധികം പുതിയ റിക്രൂട്ട്മെന്റുകൾക്ക് നിയമന കത്തുകൾ വിതരണം ചെയ്യുകയും ഈ അവസരത്തിൽ അവരെ അഭിസംബോധന ചെയ്യുകയും ചെയ്തു.

കൊച്ചിയിൽ നടന്ന റോസ്ഗാർ മേളയിൽ പങ്കെടുത്തവർ പരിപാടിയുടെ തത്സമയ വെബ്കാസ്റ്റിനു സാക്ഷ്യം വഹിച്ചു. പരിപാടിയിൽ പുതുതായി നിയമിതരായ 135 പേർക്ക് നിയമന കത്തുകൾ കൈമാറി. ശ്രീ സുരേഷ് ഗോപി 25 ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് നിയമന കത്തുകൾ വിതരണം ചെയ്തു. വിവിധ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ അതത് വകുപ്പുകളിൽ പുതുതായി നിയമനം ലഭിച്ചവർക്കുള്ള നിയമന കത്ത് കൈമാറി. തപാൽ വകുപ്പ്, റെയിൽവേ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയിലേക്കാണ് ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയിരിക്കുന്നത്.കേരളത്തിൽ തിരുവനന്തപുരത്തും റോസ്ഗർ മേള നടന്നു. കേന്ദ്ര ഭക്ഷ്യസംസ്!കരണവകുപ്പ് മന്ത്രി ചിരാഗ് പാസ്വാൻ ഉദ്ഘാടനം ചെയ്തു.

# സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി ഡിഎം പീഡിയാട്രിക് നെഫ്രോളജി

**തിരുവനന്തപുരം:** സംസ്ഥാനത്ത് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ 12 മെഡിക്കൽ പിജി സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡിഎം പീഡിയാട്രിക് നെഫ്രോളജി 2 സീറ്റ്, ഡിഎം പൾമണറി മെഡിസിൻ 2 സീറ്റ്, എംഡി അനസ്തേഷ്യ 6 സീറ്റ്, ആലപ്പുഴ മെഡിക്കൽ കോളേജിൽ എംഡി സൈക്യാട്രി 2 സീറ്റ് എന്നിങ്ങനെയാണ് അനുമതി ലഭിച്ചത്. ഈ വിഭാഗങ്ങളിലായി ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതോടെ രോഗീ പരിചരണം, അധ്യാപനം, ഗവേഷണം എന്നിവയിൽ കൂടുതൽ വിദഗ്ധ സേവനം ലഭ്യമാക്കാനാകും. ഇതോടെ ഈ സർക്കാർ വന്ന ശേഷം പുതുതായി 92 മെഡിക്കൽ പിജി സീറ്റുകൾക്ക് അനുമതി നേടിയെടുക്കാനായി. കൂടുതൽ വിഭാഗങ്ങൾക്ക് പിജി സീറ്റുകൾ നേടിയെടുക്കാനുള്ള പരിശ്രമത്തിലാണ് സർക്കാരെന്നും മന്ത്രി വ്യക്തമാക്കി.

രാജ്യത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് പീഡിയാട്രിക് നെഫ്രോളജി വിഭാഗത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് ആരംഭിക്കാനുള്ള അനുമതി ലഭിക്കുന്നത്. കുട്ടികളുടെ വൃക്ക രോഗങ്ങൾ, ഡയാലിസിസ്, വൃക്ക മാറ്റിവയ്ക്കൽ എന്നിവയിൽ പരിശീലനം നൽകി വിദഗ്ധ ഡോക്ടർമാരെ സൃഷ്ടിച്ചെടുക്കാൻ ഇതിലൂടെ സാധിക്കുന്നു. രാജ്യത്ത് തന്നെ ഈ മേഖലയിൽ ഡോക്ടർമാരുടെ എണ്ണം കുറവാണ്. അതിനാൽ തന്നെ കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരെ സൃഷ്ടിക്കാൻ ഇതിലൂടെ സഹായിക്കും. പീഡിയാട്രിക് നെഫ്രോളജി പ്രത്യേക വിഭാഗമുള്ള സംസ്ഥാനത്തെ ഏക മെഡിക്കൽ കോളേജ് കൂടിയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. എസ്.എ.ടി. ആശുപത്രിയിലാണ് പീഡിയാട്രിക് നെഫ്രോളജി വിഭാഗം പ്രവർത്തിക്കുന്നത്. ഡിഎം പീഡിയാട്രിക് നെഫ്രോളജി തുടങ്ങുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സാധ്യമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്വാസകോശ രോഗങ്ങളുടെ ചികിത്സ സംബന്ധിച്ച സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സാണ് ഡിഎം പൾമണറി മെഡിസിൻ. നിദ്ര ശ്വസന രോഗങ്ങളും ക്രിട്ടിക്കൽ കെയറും ഇന്റർവെൻഷണൽ പൾമണോളജിയും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. മാത്രമല്ല ഗവേഷണ രംഗത്തും ഏറെ സാധ്യതയുണ്ട്. സംസ്ഥാനത്ത് നിലവിൽ സർക്കാർ മേഖലയിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു ഡിഎം പൾമണറി മെഡിസിൻ സീറ്റ് മാത്രമാണുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിന് കൂടി അനുമതി ലഭ്യമായതോടെ ഈ രംഗത്ത് കൂടുതൽ വിദഗ്ധ ഡോക്ടർമാരെ സൃഷ്ടിക്കാനാകും.

അനസ്തേഷ്യാ രംഗത്തും സൈക്യാട്രി രംഗത്തും കൂടുതൽ പിജി സീറ്റുകൾ ലഭിച്ചതോടെ ഈ രംഗങ്ങളിൽ കൂടുതൽ വിദഗ്ധ ഡോക്ടർമാരെ സൃഷ്ടിക്കാനും സാധിക്കുന്നു. മെഡിക്കൽ കോളേജുകളിൽ സർക്കാർ നടത്തി വരുന്ന വികസന പ്രവർത്തനങ്ങളുടെ ഫലം കൂടിയാണിത്. എത്രയും വേഗം ഈ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

# ആയുർവേദം കൂടുതൽ ജനകീയമാക്കും

**കൊച്ചി :**ആയുർവേദം കൂടുതൽ ജനകീയമാക്കുമെന്നും അതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുമെന്നും ജില്ലാതല ദേശീയ ആയുർവേദ ദിനാചരണ പരിപാടികൾ ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ ഉൽഘാടനം ചെയ്യവേ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ പറഞ്ഞു. ലോകാരോഗ്യത്തിന് ആയുർവേദ നൂതന രീതികൾ വളരെ ഫലപ്രദമായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ഗീതാ ദേവി പി.ജി അധ്യക്ഷത വഹിച്ച യോഗത്തിൽ നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജയകൃഷ്ണൻ കെ.വി.പി സ്വാഗതവും സംഘാടക സമിതി ചെയർമാൻ ഡോ. ഷർമദ് ഖാൻ നന്ദിയും പറഞ്ഞു.

മർമ്മ ചികിത്സാ ക്ലിനിക്, ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്, കാഴ്ച പരിശോധന കോസ്മറ്റോളജി, തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങളിൽ വെച്ച് തന്നെ ചെയ്യാവുന്ന യോഗ തുടങ്ങിയ സൗജന്യ ക്ലിനിക്കുകൾ രാവിലെ 9 മണി മുതൽ പ്രവർത്തിച്ചു. തദ്ദേശ സ്വയംഭരണ,വനിതാ ശിശു വികസന വകുപ്പുകളുമായി സഹകരിച്ച് ആരോഗ്യഭക്ഷ്യ വിഭവങ്ങളുടെ മേളയും മത്സരവും സംഘടിപ്പിച്ചു. ഇന്ന് മുതൽ ജില്ലയിലെ വിവിധ ആയുർവേദ സ്ഥാപനങ്ങളിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ആരോഗ്യ പരിപാടികളും ബോധവൽക്കരണവും നടത്തും. ജീവിത ശൈലീ രോഗങ്ങളുടെ സ്ക്രീനിങ് ക്യാമ്പുകളും സംഘടിപ്പിക്കും.

നാഷണൽ ആയുഷ് മിഷൻ ഈ വർഷം നടത്തുന്ന കാരുണ്യ,സ്പോർട്സ് ആയുർവേദ ആയുർ കർമ്മ, ദൃഷ്ടി,ഹർഷം, ജീവിത ശൈലീ രോഗ ക്ലിനിക്, സുപ്രജ എന്നീ പദ്ധതികളുടെ ഉദ്ഘാടനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. ഭക്ഷ്യ വിഭവമത്സരത്തിൽ വിജയികളായവർക്ക് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ്ജ് സമ്മാനം വിതരണം ചെയ്തു.

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആശ സനിൽ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർമാരായ ശാരദാ മോഹൻ,ഷൈമി വർഗ്ഗീസ്, എം.ബി ഷൈനി, ജില്ലാ പഞ്ചായത്ത് മെമ്പർ രവീന്ദ്രൻ,ഡോ.തോമസ് ജിബിൻ, ഡോ. മനു ആർ മംഗലത്ത് എന്നിവർ സംസാരിച്ചു. റാലി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഫ്ലാഗ് ഓഫ് ചെയ്തു.

# ബാലസാഹിത്യ പുരസ്കാരത്തിന് കൃതികൾ സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 30 വരെ നീട്ടി

**തിരുവനന്തപുരം:** സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യ പുരസ്കാരം 2024' നുള്ള അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 30 വരെ നീട്ടി.

മലയാള ബാലസാഹിത്യത്തിനു മികച്ച സംഭാവനകൾ നൽകുന്ന വിവിധ മേഖലകളിലുള്ളവരെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായിട്ടാണ് പുരസ്കാരങ്ങൾനൽകി വരുന്നത്. കഥ/നോവൽ, നാടകം(എബ്രഹാം ജോസഫ് പുരസ്കാരം), കവിത, ശാസ്ത്രം (പി ടി ഭാസ്കരപ്പണിക്കർ പുരസ്കാരം), വൈജ്ഞാനികം (ശാസ്ത്രമൊഴികെ), ജീവചരിത്രം / ആത്മകഥ, വിവർത്തനം/പുനരാഖ്യാനം, ചിത്രീകരണം, ചിത്രപുസ്തകം, പുസ്തക ഡിസൈൻ എന്നീ 10 വിഭാഗങ്ങളിലെ മികച്ച ഗ്രന്ഥങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്.

2021, 2022, 2023 വർഷങ്ങളിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്. 20,000 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്ന താണ് പുരസ്കാരം. ഏതെങ്കിലും വിഭാഗത്തിൽ നേരത്തെ പുരസ്കാരം ലഭിച്ചിട്ടുള്ളവരെ പിന്നീട് ആ വിഭാഗത്തിൽ പരിഗണിക്കുന്നതല്ല. വ്യക്തികൾക്കും പ്രസാധകർക്കും പുസ്തകങ്ങൾ സമർപ്പിക്കാവുന്നതാണ്. പുസ്തകങ്ങളുടെ നാല് കോപ്പികൾ സഹിതമുള്ള അപേക്ഷ ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃതകോളജ് കാമ്പസ്, പാളയം, തിരുവനന്തപുരം 34 എന്ന വിലാസത്തിൽ നവംബർ 30 നു മുമ്പ് ലഭ്യമാക്കണം.

# വായ്പാ പദ്ധതി; അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** ജില്ലാ മൃഗസംരക്ഷണ വകുപ്പ് , കേന്ദ്ര സർക്കാരിന്റെ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിലൂടെ ഈടില്ലാതെ 1,60,000 രൂപ വായ്പ നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. ക്ഷീര കർഷകർ, ആട് കർഷകർ, മുയൽ വളർത്തൽ കർഷകർ, കോഴി കർഷകർ എന്നിവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ അതത് മൃഗാശുപത്രികൾ മുഖാന്തിരം അപേക്ഷ സമർപ്പിക്കണം.

# ഒരു അന്വേഷണത്തിന്റെ തുടക്കം



ഷൈൻ ടോം ചാക്കോയെ കേന്ദ്ര കഥാപാത്രമാക്കി എം എ നിഷാദ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഒരു അന്വേഷണത്തിന്റെ തുടക്കം എന്ന ചിത്രത്തിന്റെ ട്രെയിലർ റിലീസായി.ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ കെ വി അബ്ദുൽ നാസർ നിർമ്മിക്കുന്ന ഈ ഇൻവെസ്റ്റിഗേഷൻ ചിത്രം നവംബർ എട്ടിന് പ്രദർശനത്തിനെത്തുന്നു. എം എ നിഷാദിന്റെ പിതാവും പൊലീസ് ഉദ്യോഗസ്ഥനുമായിരുന്ന പി. എം. കുഞ്ഞിമൊയ്തീന്റെ പോലീസ് ഡിപ്പാർട്മെന്റിലെ സേവന കാലത്ത്, അദ്ദേഹം തന്റെ ഡയറിയിൽ എഴുതിയ ഒരു കേസിന്റെ കുറിപ്പുകൾ വികസിപ്പിച്ചാണ് എം എ നിഷാദ് ഈ ചിത്രത്തിന്റെ കഥ തയ്യാറാക്കിയത്.

വാണി വിശ്വനാഥ്, സമുദ്രകനി, മുകേഷ്, അശോകൻ, ബൈജു സന്തോഷ്,സുധീഷ്, ശിവദ,ദുർഗ്ഗ കൃഷ്ണ, മഞ്ജു പിള്ള,സാസിക, അനുമോൾ,ആഭിജ, പ്രശാന്ത് അലക്സാണ്ടർ, ജോണി ആന്റണി, വിജയ് ബാബു, സുധീർ കരമന, ഇർഷാദ്, ജാഫർ ഇടുക്കി, രമേഷ് പിഷാരടി,ഷഹീൻ സിദ്ദിഖ്,കോട്ടയം നസീർ,കൈലാഷ്, ബിജു സോപാനം, കലാഭവൻ ഷാജോൺ, സായ്കുമാർ, കലാഭവൻ നവാസ്, ജോണി ആന്റണി, പി ശ്രീകുമാർ, ശ്യാമപ്രസാദ്, ബാബു നമ്പൂതിരി, പ്രമോദ് വെളിയനാട്, നവനീത് കൃഷ്ണ, സന്ധ്യ മനോജ്, പൊന്നമ്മ ബാബു, ഉമാ നായർ, സ്മിനു സിജോ, അനു നായർ, സിനി എബ്രഹാം, ദിൽഷ പ്രസാദ്, ഗൗരി പാർവതി, മഞ്ജു സുഭാഷ്, ജയകൃഷ്ണൻ, ജയകുമാർ, ജയശങ്കർ, അനീഷ് ഗോപാൽ, ചെമ്പിൽ അശോകൻ, ചാലി പാലാ, രാജേഷ് അമ്പലപ്പുഴ, അനീഷ് കാവിൽ, നവനീത് കൃഷ്ണ, ലാലി പി എം, അനന്തലക്ഷ്മി, അനിതാ നായർ, ഗിരിജാ സുരേന്ദ്രൻ, ഭദ്ര, പ്രിയാ രാജീവ്, അഞ്ജലീന എബ്രഹാം, ജെനി,അഞ്ചു ശ്രീകണ്ഠൻ തുടങ്ങിയവരോടൊപ്പം സംവിധായകൻ എം എ നിഷാദ് സുപ്രധാന വേഷത്തിലെത്തുന്ന ഈ ചിത്രത്തിൽ ഏകദേശം അറുപതിലധികം താരങ്ങൾ അഭിനയിക്കുന്നു.

ഛായാഗ്രഹണം വിവേക് മേനോൻ, ചിത്രസംയോജനം ജോൺകുട്ടി,സംഗീതം എം ജയചന്ദ്രൻ, പശ്ചാത്തല സം?ഗീതം മാർക്ക് ഡി മൂസ്, ഗാനരചനപ്രഭാവർമ്മ, ഹരിനാരായണൻ, പളനി ഭാരതി, ഓഡിയോഗ്രാഫിഎം ആർ രാജാകൃഷ്ണൻ, സൗണ്ട് ഡിസൈൻ ബെന്നി, കലാസംവിധാനം ഗിരീഷ് മേനോൻ, വസ്ത്രാലങ്കാരംസമീറ സനീഷ്, മേക്കപ്പ് റോണക്സ് സേവ്യർ, പ്രൊഡക്ഷൻ കൺട്രോളർബിനു മുരളി,ചീഫ് അസോസിയേറ്റ് ഡയറക്ടർ കൃഷ്ണകുമാർ, അസോസിയേറ്റ് ഡയറക്ടർരമേശ് അമാനത്ത്,വി എഫ് എക്സ്: പിക്റ്റോറിയൽ, സ്റ്റിൽസ്ഫിറോസ് കെ ജയേഷ്,ആക്ഷൻ ഫീനിക്സ് പ്രഭു,ബില്ല ജഗൻ, കൊറിയോഗ്രാഫർ ബൃന്ദ മാസ്റ്റർ, ഡിസൈൻസ്‌യെല്ലോ യൂത്ത്,പി ആർ ഒ എ എസ് ദിനേശ്.




# മുറ

കപ്പേളക്ക് ശേഷം മുഹമ്മദ് മുസ്തഫ സംവിധാനം ചെയ്യുന്ന ചിത്രം മുറയുടെ ട്രെയ്‌ലർ റിലീസായി. തമിഴ്, ഹിന്ദി ചിത്രങ്ങളിലും ക്യാൻ ഫിലിം ഫെസ്റ്റിവലിലും തിളങ്ങിയ യുവ താരം ഹ്രിദ്ധു ഹാറൂണും സുരാജ് വെഞ്ഞാറമ്മൂടും മാലപാർവതിയും കേന്ദ്ര കഥാപാത്രങ്ങളിലെത്തുന്ന ആക്ഷൻ ഡ്രാമയാണ് മുറ. വിജയ് സേതുപതി, എസ് ജെ സൂര്യ, ടൊവിനോ തോമസ്, നസ്രിയ, ദുഷാര വിജയൻ തുടങ്ങി നിരവധി താരങ്ങളാണ് മുറയുടെ ട്രെയ്‌ലർ സോഷ്യൽ മീഡിയയിൽകൂടി റിലീസ് ചെയ്തത്. നവംബർ 8 ന് മുറ തിയേറ്ററുകളിലേക്കെത്തും. മുറ യുടെ നേരത്തെ റിലീസ് ചെയ്ത ടീസറിനും ഗാനങ്ങളും സോഷ്യൽ മീഡിയയിൽ ട്രൻഡിങ് ആയിരുന്നു. കനി കുസൃതി, കണ്ണൻ നായർ, ജോബിൻ ദാസ്, അനുജിത് കണ്ണൻ, യെദു കൃഷ്ണാ,വിഘ്നേശ്വർ സുരേഷ്, കൃഷ് ഹസ്സൻ, സിബി ജോസഫ് എന്നിവരാണ് മുറയിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മുറയുടെ രചന നിർവഹിക്കുന്നത് ഉപ്പും മുളകും ഫെയിം സുരേഷ് ബാബുവാണ്.മുറയുടെ നിർമ്മാണം : റിയാ ഷിബു,എച്ച് ആർ പിക്ചേഴ്സ്, എക്സിക്കുട്ടീവ് പ്രൊഡ്യൂസർ: റോണി സക്കറിയ, ഛായാഗ്രഹണം : ഫാസിൽ നാസർ, എഡിറ്റിംഗ് : ചമൻ ചാക്കോ, സംഗീത സംവിധാനം : ക്രിസ്റ്റി ജോബി, കലാസംവിധാനം : ശ്രീനു കല്ലേലിൽ , മേക്കപ്പ് : റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം : നിസാർ റഹമത്, ആക്ഷൻ : പി.സി. സ്റ്റൻഡ്സ്, പ്രൊഡക്ഷൻ കൺട്രോളർ : ജിത്ത് പിരപ്പൻകോട്, പി ആർ ഓ ആൻഡ് മാർക്കറ്റിംഗ് കൺസൾട്ടന്റ് : പ്രതീഷ് ശേഖർ.



# കൈതി 2 വൈകില്ലെന്ന് ലോകേഷ് കനകരാജ്

കൈതി തിയറ്ററുകളിലെത്തിയിട്ട് അഞ്ച് വർഷങ്ങൾ പൂർത്തിയാക്കുകയാണ് ഇന്ന്. അതിനെക്കുറിച്ചുള്ള സോഷ്യൽ മീഡിയാ പോസ്റ്റിലാണ് രണ്ടാം ഭാഗം വൈകില്ലെന്ന സൂചന സംവിധായകൻ ലോകേഷ് കനകരാജ്, ഡ്രീം വാര്യർ പിക്ചേഴ്സ് എന്നിവർ നൽകുന്നത്. കാർത്തിക്കൊപ്പമുള്ള കൈതിയുടെ ലൊക്കേഷൻ സ്റ്റിൽ പങ്കുവച്ചുകൊണ്ട് ലോകേഷ് സോഷ്യൽ മീഡിയയിൽ കുറിച്ചത് ഇപ്രകാരമാണ് 'എല്ലാം ഇവിടെനിന്നാണ് ആരംഭിച്ചത്. കാർത്തി സാറിനും പ്രഭു സാറിനും (നിർമ്മാതാവ് എസ് ആർ പ്രഭു) ഈ പ്രപഞ്ചത്തിനും നന്ദി, കൈതി ഇത് സാധ്യമാക്കിയതിന്. ദില്ലി ഉടൻ മടങ്ങിവരും', ലോകേഷ് കനകരാജ് ഇങ്ങനെ കുറിച്ചു.

അതേസമയം ചിത്രം അടുത്ത വർഷം ആരംഭിക്കുമെന്ന് കാർത്തി നേരത്തെ പറഞ്ഞിരുന്നു. താൻ നായകനായ പുതിയ ചിത്രം മെയ്യഴകൻറെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഹൈദരാബാദിൽ നടന്ന പരിപാടിക്കിടെയാണ് കൈതി 2 നെക്കുറിച്ച് ചോദ്യം വന്നതും കാർത്തി മറുപടി പറഞ്ഞതും. തമിഴിലെ മോസ്റ്റ് ആൻറിസിപ്പേറ്റഡ് ചിത്രങ്ങളുടെ ലിസ്റ്റിൽ പലപ്പോഴും ഒന്നാമതെത്തിയിട്ടുള്ള ചിത്രമാണ് കൈതി 2.ചിത്രത്തിന്റെ കൂടുതൽ കാര്യങ്ങൾ വരും നാളുകളിൽ വ്യക്തമാക്കുമെന്നു അണിയറപ്രവർത്തകർ അറിയിച്ചു. പി ആർ ഓ ആൻഡ് മാർക്കറ്റിംഗ് കൺസൾട്ടന്റ് : പ്രതീഷ് ശേഖർ

# കലാഭവൻ പ്രജോദ് ചലച്ചിത്ര സംവിധാന രംഗത്തേക്ക്

മാർഷ്യൽ ആർട്ട്സിൽ പുതുമുഖ താരങ്ങൾക്ക് അവസരവുമായി തന്റെ ആദ്യ സംവിധാന ചിത്രം പ്രഖ്യാപിച്ചിരിക്കുകയാണ് പ്രജോദ് കലാഭവൻ. എബ്രിഡ് ഷൈൻ ആണ് ചിത്രത്തിന്റെ രചന നിർവഹിക്കുന്നത്. മിമിക്രി വേദിയിൽ നിന്നും നിരവധി ടെലിവിഷൻ പരിപാടികളിലൂടെയും മലയാള സിനിമയിൽ നായക വേഷം ഉൾപ്പെടെ ലഭിച്ച റോളുകളിൽ മിന്നും പ്രകടനം കാഴ്ചവച്ച പ്രജോദ് കലാഭവൻ ഇനി മലയാള സിനാമാ സംവിധാന രംഗത്തേക്ക് ചുവടു വയ്ക്കുമ്പോൾ മികച്ച ഒരു എന്റെർറ്റൈനെർ പ്രേക്ഷകർക്ക് ലഭിക്കുമെന്നുറപ്പാണ്.

പ്രജോദ് കലാഭവൻ ചലച്ചിത്ര സംവിധായകനാകുന്ന ആദ്യ ചിത്രത്തിലേക്ക് മാർഷ്യൽ ആർട്ട്സിൽ പ്രാഗൽഭ്യമുള്ള 18നും 24നും ഇടയിലുള്ള പുരുഷന്മാരും 30നും 48നും ഇടയിലുള്ള മാർഷ്യൽ ആർട്ട്സ് പ്രഗത്ഭരേയുമാണ് ഈ പുതിയ ചിത്രത്തിലെ കഥാപാത്രങ്ങളാകാനുള്ള ഓഡിഷൻ കോളിലേക്കു ഇപ്പോൾ ടീം ക്ഷണിക്കുന്നത്. 18നും 24നും ഇടയിൽ മാർഷ്യൽ ആർട്ട്സിൽ പ്രാഗൽഭ്യം ഉള്ളവർ സമഹമയവമ് മി്യുമഷീറാീശേല1@ഴാമശഹ.രീാ എന്ന ഇമെയിൽ ഐഡിയിലെക്കും 30നും 48നും ഇടയിൽ മാർഷ്യൽ ആർട്ട്സിൽ പ്രാഗൽഭ്യം ഉള്ളവർ സമഹമയവമ്മിുമഷീറാീശേല2@ഴാമശഹ.രീാ എന്ന ഇമെയിലിൽ ഓഡിഷനായി പ്രൊഫൈൽ അയക്കണം.ചിത്രത്തിന്റെ കൂടുതൽ വിവരങ്ങൾ വരും നാളുകളിൽ അറിയിക്കുമെന്ന് അണിയറപ്രവർത്തകർ അറിയിച്ചു. പി ആർ ഓ പ്രതീഷ് ശേഖർ.

# കേരളപ്പിറവി ഭരണഭാഷാ വാരാഘോഷം നവംബർ ഒന്നുമുതൽ

**കൊച്ചി :**ജില്ലാ ഭരണകൂടത്തിന്റെയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കേരളപ്പിറവി ദിനാചരണവും ഭരണഭാഷാ വാരാചരണവും നവംബർ ഒന്നു മുതൽ ഏഴുവരെ നടത്തും. നവംബർ ഒന്നിന് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ 10.30 ന് ജീവനക്കാരുടെ കേരള ഗാനാലാപനത്തോടെ ആരംഭിക്കുന്ന ചടങ്ങിൽ കേരളപ്പിറവി ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാചരണത്തിന്റെയും ഉദ്ഘാടനം ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ് നിർവഹിക്കും. എഡിഎം വിനോദ് രാജ് അധ്യക്ഷനാകുന്ന യോഗത്തിൽ ഭാഷാ പണ്ഡിതനും കാലടി സർവകലാശാല മുൻ വിസിയുമായ ഡോ. ധർമരാജ് അടാട്ട് മുഖ്യപ്രഭാഷണം നടത്തും.

2024 ലെ കേന്ദ്ര സാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ പുരസ്കാര ജേതാവും അനവധി ബാലസാഹിത്യ കൃതികളുടെ രചയിതാവുമായ ഉണ്ണി അമയമ്പലം മുഖ്യാതിഥിയായിരിക്കും. മുഖ്യപ്രഭാഷകനെയും മുഖ്യാതിഥിയെയും ജില്ലാ കളക്ടർ ആദരിക്കും. സംഗീതജ്ഞനും ആകാശവാണി അവതാരകനുമായ ടിപി വിവേക് മധുരം മലയാളംപാട്ടും പറച്ചിലും ഭാഷാസാംസ്കാരിക പരിപാടി അവതരിപ്പിക്കും.

ഐ ആന്റ് പിആർ ഡി റീജണൽ ഡെപ്യൂട്ടി ഡയറക്ടർ നിജാസ് ജൂവൽ ഉദ്ഘാടന, സമാപന യോഗങ്ങളിൽ ആശംസാ പ്രസംഗം നടത്തും. ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ ബി ബിജു സ്വാഗതവും അസി. എഡിറ്റർ എ റ്റി രമ്യ നന്ദിയും അർപ്പിക്കും.

സമാപന സമ്മേളനം നവംബർ ഏഴിന് ജില്ലാ കളക്ടറേറ്റിൽ നടക്കും. ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ് ഉദ്ഘാടനം ചെയ്യുന്ന സമാപന യോഗത്തിൽ പ്രശസ്ത നോവലിസ്റ്റും എഴുത്തുകാരനുമായ ടി ഡി രാമകൃഷ്ണൻ മുഖ്യാതിഥിയാകും.

# സർക്കാർ ജീവനക്കാർക്ക് വിവിധ മത്സരങ്ങൾ

**കൊച്ചി :**ജില്ലാ ഭരണകൂടത്തിന്റെയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും സംയുക്താഭിമുഖ്യത്തിൽ നവംബർ ഒന്നുമുതൽ സംഘടിപ്പിക്കുന്ന കേരളപ്പിറവി ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി ജില്ലയിലെ സർക്കാർ ജീവനക്കാർക്കായി കഥാരചന, കവിതാലാപാന മത്സരങ്ങളും മലയാള ഭാഷാ പ്രശ്നോത്തരി മത്സരവും നടത്തും.

നവംബർ അഞ്ചിനു രാവിലെ 11 മുതൽ കഥാരചനാ മത്സരവും അന്നുതന്നെ ഉച്ചയ്ക്കു രണ്ടുമണി മുതൽ കവിതാ ആലാപന മത്സരവും കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തും.

നവംബർ ആറിന് ജീവനക്കാർക്കായി നടത്തുന്ന മലയാള ഭാഷാ പ്രശ്നോത്തരി മത്സരം തിരുവനന്തപുരം ആകാശവാണിയിലെ എക്സിക്യൂട്ടീവും ഭാഷാ പണ്ഡിതനുമായ ശ്രീകുമാർ മുഖത്തല നയിക്കും. കേരളം ഭാഷ, ചരിത്രം, സംസ്കാരം, കല, സാഹിത്യം, രാഷ്ട്രീയം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പ്രശ്നാത്തരി മത്സരത്തിൽ രണ്ടു പേരടങ്ങുന്ന ടീം ആയിട്ടാണ് പങ്കെടുക്കേണ്ടത്. പ്രാഥമിക റൗണ്ട് മത്സരത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന ടീമുകൾ ആണ് പ്രധാന റൗണ്ടിൽ മത്സരിക്കുക.

ജീവനക്കാർക്കു മത്സരത്തിൽ പങ്കെടുക്കാൻ തിരിച്ചറിയൽ കാർഡുമായി തത്സമയം രജിസ്റ്റർ ചെയ്യാം. മത്സരവിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നവംബർ ഏഴിനു കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തുന്ന സമാപന യോഗത്തിൽ വിതരണം ചെയ്യും.

## പട്ടികജാതി വികസന വകുപ്പിന്റെ എല്ലാ സബ് ഓഫിസുകളിലും ഇഓഫീസ് സംവിധാനം

**തിരുവനന്തപുരം:** പട്ടികജാതി വികസന വകുപ്പിന്റെ എല്ലാ സബ് ഓഫീസുകളിലും 2025 മാർച്ച് 31ന് മുമ്പായി ഇഓഫീസ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനമായി. തിരുവനന്തപുരം നന്ദാവനത്ത് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ പട്ടിക ജാതി, പട്ടിക വർഗ പിന്നോക്ക ക്ഷേമ വകുപ്പു മന്ത്രി ഒ ആർ കേളുവിന്റെ സാന്നിധ്യത്തിൽ നടന്ന പദ്ധതി അവലോകന യോഗത്തിലാണ് തീരുമാനം.കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവയ്ക്ക് മുൻഗണന നൽകും. കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി വകുപ്പിൽ ബയോമെട്രിക് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. ഒരു കോടി രൂപവരെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലാതാമസം ഒഴിവാക്കുന്നതിന് ജില്ലാ തലത്തിൽ അംഗികാരം നൽകുന്നതിന് നടപടി സ്വീകരിക്കാനും അവലോകന യോഗത്തിൽ തീരുമാനമായി.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശ്രീധന്യ സുരേഷ് അധ്യക്ഷത വഹിച്ച യോഗത്തിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും, ജില്ലാ ഓഫീസർമാരും പങ്കെടുത്തു.



# ഭിന്നശേഷി അവകാശനിയമം: പരാതി പരിഹാര ഉദ്യോഗസ്ഥർക്കായി പരിശീലനം സംഘടിപ്പിച്ചു

**കോട്ടയം:** സാമൂഹികനീതിവകുപ്പ് സംസ്ഥാന ഭിന്നശേഷി കമ്മിഷണറേറ്റിന്റെ നേതൃത്വത്തിൽ ഭിന്നശേഷി അവകാശനിയമം സംബന്ധിച്ച് ജില്ലാതല പരാതി പരിഹാര ഉദ്യോഗസ്ഥർക്കായി ഏകദിനപരിശീലന പരിപാടി സംഘടിപ്പിച്ചു. കളക്ട്രേറ്റ് തൂലിക കോൺഫറൻസ് ഹാളിൽ നടന്ന പരിശീലന പരിപാടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ബീന പി. ആനന്ദ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭിന്നശേഷി കമ്മിഷണർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ഭിന്നശേഷി കമ്മിഷണറേറ്റ് ഡെപ്യൂട്ടി സെക്രട്ടറി ആർ. രാജീവ്, ഫിനാൻസ് ഓഫീസർ ബി. സന്തോഷ്കുമാർ, ജില്ലാ സാമൂഹികനീതി വകുപ്പ് ഓഫീസർ പി. പ്രദീപ് എന്നിവർ പ്രസംഗിച്ചു.

ഭിന്നശേഷിക്കാർക്കായുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച് സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലുള്ളവർക്ക് ശരിയായ അവബോധം ഒരുക്കുന്നത് ഭിന്നശേഷി സമൂഹത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങളും അവകാശങ്ങളും നീതിയും സമയബന്ധിതമായി ലഭിക്കാൻ അത്യന്താപേക്ഷിതമാണ്. സർക്കാർ ജീവനക്കാരിൽ നിയമം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നത് ഭിന്നശേഷിക്കാർക്കായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ യഥാസമയം ഗുണഭോക്താക്കളിലെത്തിക്കുന്നതിന് സഹായകമാകും എന്ന ലക്ഷ്യത്തോടെയാണ് ജില്ലയിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽനിന്നു നാമനിർദ്ദേശം ചെയ്യപ്പെട്ട പരാതി പരിഹാര ഉദ്യോഗസ്ഥർക്കായി പരിശീലനം സംഘടിപ്പിച്ചത്.

# പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്താൻ ജനപങ്കാളിത്തതോടെ പദ്ധതി നടപ്പാക്കും

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്താൻ ജനപങ്കാളിത്തതോടെ പദ്ധതി നടപ്പാക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. വിദ്യാഭ്യാസ മേഖലയുടെ ഉന്നതിക്ക് പൊതുബോധം മാറ്റിയെടുക്കാനാവണമെന്നും അതിൽ അധ്യാപകർക്ക് പ്രധാന പങ്ക് വഹിക്കാനാവുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പാക്കുന്നതിന് അധ്യാപകർക്കാണ് പ്രധാന പങ്ക് വഹിക്കാനാവുക. അധ്യാപന ശേഷി മെച്ചപ്പെടുത്താനാവശ്യമായ പരിശീലനങ്ങൾ നൽകണം. ഓരോ സ്കൂളിന്റെയും നിലമെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടൽ വേണം. അതിന് സ്കൂൾതല ആസൂത്രണം നടത്തണം. കുട്ടികളുടെ വായനാശീലം, എഴുത്ത് എന്നിവ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം.

ഓരോ കുട്ടിക്കും അധ്യാപകരുടെ ശ്രദ്ധ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. മെന്ററിങ്ങ് ഫലപ്രദമായി നടപ്പാക്കുകയും മോണിറ്ററിങ്ങ് ശക്തിപ്പെടുത്തുകയും വേണം. മുഖാമുഖ പഠനത്തിന് ആവശ്യമായ സമയം കിട്ടുന്നില്ലെന്ന പരാതി ഗൗരവമായി പരിശോധിക്കണം. എ ഇ ഒ, ഡി ഇ ഒമാർ അക്കാദമിക് കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കണം. ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കാൻ ഇംഗ്ലീഷ് അധ്യാപകർ വേണമെന്ന തീരുമാനം സമയബന്ധിതമായി നടപ്പാക്കുകയും. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് പൊതുമാനദണ്ഡം നിശ്ചയിക്കുകയും വേണം. പ്രധാന അധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാക്കും മാനേജ്മെന്റ് പരിശീലനം ഉറപ്പാക്കണം. അക്കാദമിക് ഗുണമേന്മ മെച്ചപ്പെടുത്താൻ സംഘടനകളുടെ സഹകരണം ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ എം എബ്രഹാം, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് എന്നിവരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു.

# കൃഷ്ണപുരം കൊട്ടാരം സംരക്ഷണപരിസരവികസന പ്രവൃത്തികൾ ഇന്ന് ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** കൃഷ്ണപുരം കൊട്ടാരം സംരക്ഷണപരിസരവികസന പ്രവൃത്തികൾ ഇന്ന് (ഒക്ടോബർ 30 ന്) ഉച്ചകഴിഞ്ഞ് 2.30 ന് രജിസ്ട്രേഷൻ, പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. യു പ്രതിഭ എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കെ.സി വേണുഗോപാൽ എം.പി മുഖ്യാതിഥിയായിരിക്കും. പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ സ്വാഗതം പറയുന്ന ചടങ്ങിൽ കായംകുളം നഗരസഭ ചെയർപേഴ്സൺ പി. ശശികല വിശിഷ്ടാതിഥിയാകും. ചടങ്ങിൽ കായംകുളം നഗരസഭ വൈസ് ചെയർമാൻ ജെ. ആദർശ്, കായംകുളം നഗരസഭ കൗൺസിലർ ബിനു അശോക്, പി. അരവിന്ദാക്ഷൻ, അഡ്വ. ഇ. സമീർ, എ.എസ്. സുനിൽകുമാർ, ഐ. ഷിഹാബുദീൻ, കൃഷ്ണകുമാർ രാംദാസ്, അഡ്വ. ജോസഫ് ജോൺ, ഇർഷാദ്, ലിക്കായത്ത് പറമ്പി, സക്കീർ മല്ലഞ്ചേരി, മോഹനൻ, എൻ. സത്യൻ എന്നിവർ ആശംസകൾ അറിയിക്കുകയും കൃഷ്ണപുരം കൊട്ടാരം മ്യൂസിയം ചാർജ് ഓഫീസർ നന്ദിയും പ്രകാശിപ്പിക്കും.

മാർത്താണ്ഡവർമ്മയുടെ കാലം മുതൽ തിരുവിതാംകൂറിന്റെ ഭാഗമായിതീർന്ന കായംകുളത്തിന്റെ തലയെടുപ്പുള്ള വാസ്തു വിസ്മയമാണ് കൃഷ്ണപുരം കൊട്ടാരം. രാമയ്യൻ ദളവയുടെ കാലത്ത് പണികഴിപ്പിക്കുകയും അയ്യപ്പൻ മാർത്താണ്ഡപിള്ളയുടെ കാലത്ത് പുതുക്കിപ്പണിയുകയും ചെയ്ത കൃഷ്ണപുരം കൊട്ടാരം നാലു നടുമുറ്റങ്ങളും പടിപ്പുരയോടുകൂടിയ ചുറ്റുമതിലും ഉൾപ്പെട്ട, കേരളീയ വാസ്തു ശൈലിയിൽ നിർമ്മിതമായ പതിനാറുകെട്ടാണ്. ഗജേന്ദ്രമോക്ഷം എന്ന പ്രസിദ്ധമായ ചുവർചിത്രം ഈ കൊട്ടാരകെട്ടിലാണ് ആലേഖനം ചെയ്തിട്ടുള്ളത്. ചരിത്രപരവും നിർമ്മിതിപരവുമായ സവിശേഷതകൾ കണക്കിലെടുത്ത് 1959 ൽ പുരാവസ്തു വകുപ്പ് കൃഷ്ണപുരം കൊട്ടാരം സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു. തുടർന്ന് കൊട്ടാരത്തിൽ പുരാവസ്തു മ്യൂസിയം സജ്ജീകരിക്കുകയുണ്ടായി.

നിലവിൽ ധാരാളം സന്ദർശകരെ ആകർഷിക്കുന്ന വിനോദസഞ്ചാര കേന്ദ്രമായി കൃഷ്ണപുരം കൊട്ടാരം മാറിയിരിക്കുന്നു. കേരള സർക്കാറിന്റെ നാലാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കൃഷ്ണപുരം കൊട്ടാരത്തിന്റെ സംരക്ഷണ പരിസരവികസന പ്രവൃത്തികൾ പുരാവസ്തു വകുപ്പ് നടപ്പാക്കുകയാണ്.

# ഗുണനിലവാരമില്ലാത്ത പെയിൻറ് നൽകി കബളിപ്പിച്ചു, കമ്പനിക്ക് 3.5 ലക്ഷം രൂപ പിഴ

**കൊച്ചി** :ഗുണനിലവാരമില്ലാത്ത പെയിൻറ് നൽകുകയും അത് ഉപയോഗിച്ചതുമൂലം മതിലിലെ പെയിൻറ് പൊളിഞ്ഞു പോവുകയും ചെയ്തു എന്ന പരാതിയിൽ പെയിൻറ്ന് ചെലവായ 78,860/ രൂപയും ,അതുമാറ്റി പുതിയ പെയിൻറ് അടിക്കുന്നതിന്റെ ചെലവായ 2,06979 രൂപയും ,നഷ്ടപരിഹാരമായി 50,000 രൂപ 20,000 രൂപ കോടതി ചെലവ് എന്നിവ ഉപഭോക്താവിന് നൽകണമെന്ന് കമ്പനിക്കും ഡീലർക്കും എറണാകുളം ജില്ല തർക്ക പരിഹാര കമ്മീഷൻ ഉത്തരവ്.

എറണാകുളം കോതമംഗലം സ്വദേശി ടി എം മൈതീൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

കോതമംഗലത്തെ സ്ഥാപനത്തിൽ നിന്നും ഒരു വർഷത്തെ വാറണ്ടിയോടെയാണ് പരാതിക്കാരൻ പെയിൻറ് വാങ്ങിയത്.

ഒരു വർഷം ആണ് വാറണ്ടി പിരീഡ് നൽകിയത്. അതിനുള്ളിൽ തന്നെ പ്രതലത്തിൽ നിന്നും പെയിൻറ് പൊളിഞ്ഞു പോകാൻ തുടങ്ങി. ഡീലറെ സമീപിച്ചു പരാതി പറഞ്ഞതിനെ തുടർന്ന് നിർമ്മാണ കമ്പനിയുടെ പ്രതിനിധി വന്ന പരിശോധിക്കുകയും എന്നാൽ യാതൊരുവിധ തുടർ നടപടികളും പിന്നീട് ഉണ്ടായില്ലെന്നും പരാതിക്കാരൻ പറയുന്നു. പെയിൻറ് വിലയും റിപ്പയറിങ് ചാർജും നഷ്ടപരിഹാരവും നൽകണമെന്ന് ആവശ്യപ്പെട്ടാണ് പരാതിക്കാരൻ ഉപഭോക്തൃ കമ്മിഷനെ സമീപിച്ചത്.

ഭിത്തിയിൽ ഈർപ്പമുള്ളതു മൂലമാണ് ഇത് സംഭവിച്ചതെന്നും ഉപ്പുരസം ഉണ്ടെങ്കിൽ ഇത്തരം പ്രതിഭാസം ഉണ്ടാകുമെന്നും ഉൽപ്പന്നത്തിന്റെ ന്യൂനതയല്ല അതിനാൽ വാറണ്ടിയുടെ പരിധിയിൽ വരുന്നതല്ല എന്നുമാണ് എതിർകക്ഷി കോടതി മുമ്പാകെ ബോധിപ്പിച്ചത്.പെയിൻറ് വിറ്റത് തങ്ങൾ ആണെങ്കിലും അതിൻറെ നിലവാരത്തിൽ യാതൊരു ഉത്തരവാദിത്വവും ഇല്ലന്നും നിർമ്മാതാക്കളാണ് നഷ്ടപരിഹാരം നൽകേണ്ടതെന്നും ഡീലർ ബോധിപ്പിച്ചു.

ഗുണനിലവാരമില്ലാത്ത എമൽഷൻ ഉപയോഗിച്ചതുമൂലമാണ് പെയിൻറ് പൊളിഞ്ഞു പോയതെന്ന് കോടതി നിയോഗിച്ച വിദഗ്ധ കമ്മീഷൻ റിപ്പോർട്ട് നൽകി.

പെയിന്റ് ചെയ്ത് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ തന്നെ അത് പൊളിഞ്ഞു പോവുകയും പരാതിപ്പെട്ടപ്പോൾ ഫലപ്രദമായി അത് പരിഹരിക്കാൻ എതിർകക്ഷികൾ തയ്യാറായിരുന്നില്ല. നിർമ്മാതാക്കളുടെ മോഹിപ്പിക്കുന്ന വാഗ്ദാനങ്ങൾ വിശ്വസിച്ച് ഉൽപ്പന്നങ്ങൾ വാങ്ങിയ ഉപയോക്താക്കൾ കബളിപ്പിക്കപ്പെടുമ്പോൾ ഇത്തരം അധാർമികമായ വ്യാപാര രീതി അനുവദിക്കാനാവില്ല എന്ന് ഡിബി ബിനു അധ്യക്ഷനും, വി രാമചന്ദ്രൻ , ടി എൻ . ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് വ്യക്തമാക്കി.

പെയിൻറ് വാങ്ങിയ ഇനത്തിൽ ചെലവായ 78,860/ രൂപ , റീപെയിന്റ് ചെയ്യുന്നതിനുവേണ്ടി ചെലവാകുന്ന 2,06,979 രൂപ അരലക്ഷം രൂപ നഷ്ടപരിഹാരം ഇരുപതിനായിരം രൂപ കോടതി ചെലവ് എന്നിവ 30 ദിവസത്തിനകം ഉപഭോക്താവിന് നൽകണമെന്ന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകി.പരാതിക്കാർക്ക് വേണ്ടി അഡ്വ. ടോം ജോസഫ് ഹാജരായി.




**ലോക സ്ട്രോക്ക് ദിനത്തോട് അനുബന്ധിച്ച് ലൂർദ് ആശുപത്രി നടപ്പിലാക്കുന്ന സൗജന്യ സ്ട്രോക്ക് ആമ്പുലൻസിന്റെയും സ്ട്രോക്ക് സ്ക്രീനിംഗ് ഹെൽത്ത് പാക്കേജിന്റെയും ഉദ്ഘാടനം ബഹുമാനപെട്ട ടി.ജെ. വിനോദ് ഋഘഅ നിർവഹിക്കുന്നു. ലൂർദ് ആശുപത്രി അസ്സോസിയേറ്റ് ഡയറക്ടർ ഫാ.വിമൽ ഫ്രാൻസിസ്, ഡോ. ആകർഷ്. ജെ , ന്യൂറോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ബോബി വർക്കി, ലൂർദ് ആശുപത്രി ഡയറക്ടർ ഫാ. ജോർജ് സെകീര, കൗൺസിലർ ശ്രീ വി.വി. പ്രവീൺ, ഡോ. വിനീത് .കെ.കെ എന്നിവർ സമീപം.**

# ലൂർദ് ആശുപത്രി സൗജന്യ സ്ട്രോക്ക് ആംബുലൻസ് ഉദ്ഘാടനവും,ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു

**കൊച്ചി** : ലോക സ്ട്രോക്ക് ദിനത്തോടനുബന്ധിച്ച് എറണാകുളം ലൂർദ് ആശുപത്രി കൊച്ചി കോർപ്പറേഷൻ, ചേരാനല്ലൂർ, കടമക്കുടി, മുളവുകാട്, എളങ്കുന്നപ്പുഴ, ഞാറക്കൽ എന്നീ പഞ്ചായത്തുകളുടെ പരിധിയിൽ സ്ട്രോക്ക് രോഗികൾക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിനായി സൗജന്യ ആംബുലൻസ് സർവീസ് ആരംഭിച്ചു. സൗജന്യ സ്ട്രോക്ക് ആംബുലൻസ് സർവീസിന്റെ ഉദ്ഘാടനം എറണാകുളം എം.എൽ.എ .ടി.ജെ വിനോദ് നിർവഹിച്ചു. എല്ലാ രോഗികൾക്കും അതിനൂതന ചികിത്സ കുറഞ്ഞ ചിലവിൽ ലഭ്യമാക്കുന്ന ലൂർദ് ആശുപത്രിയുടെ പ്രവർത്തനം ശ്ലാഘനീയമാണെന്ന് അദ്ദേഹം പറഞ്ഞു. ദിനാചരണത്തിനോടനുബന്ധിച്ച് സമീപവാസികൾക്കും പൊതുജനങ്ങൾക്കും വേണ്ടി നടത്തിയ സ്ട്രോക്ക് അനുബന്ധ ബോധവൽക്കരണ ക്ലാസിൽ ലൂർദ് ആശുപത്രി ന്യൂറോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ബോബി വർക്കി, ന്യൂറോ സർജറി വിഭാഗം കൺസൾട്ടന്റ്മാരായ ഡോ. ആകർശ് ജെ, ഡോ. വിനീത് കെ.കെ. എന്നിവർ വിവിധ സ്ട്രോക്കുകളെ കുറിച്ചും തിരിച്ചറിയാനുള്ള മാർഗങ്ങളെക്കുറിച്ചും, വിവിധ ചികിത്സാ മാർഗ്ഗങ്ങളെ കുറിച്ചും ക്ലാസെടുത്തു. കിഡ്നി രോഗികൾക്കായുള്ള സൗജന്യ ഡയാലിസ് പദ്ധതിയുടെ ഉദ്ഘാടനം കൊച്ചി കോർപ്പറേഷൻ കൗൺസിലർ വി.വി. പ്രവീൺ നിർവ്വഹിച്ചു. ബോധവത്കരണ ക്ലാസ്സിന്റെ ഭാഗമായി പങ്കെടുത്ത എല്ലാവർക്കും കുറഞ്ഞ ചിലവിൽ സ്ട്രോക്ക് സ്ക്രീനിംഗ് സാധ്യമാകുന്ന സ്ട്രോക്ക് ഹെൽത്ത് ചെക്കപ്പ് കൂപ്പണുകൾ നൽകി.

ലൂർദ് ആശുപത്രി ഡയറക്ടർ ഫാ. ജോർജ് സെകീര അധ്യക്ഷത വഹിച്ച യോഗത്തിൽ ആശുപത്രി അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസീസ്, റിലേഷൻസ് & ഓപ്പറേഷൻസ് ഓഫീസർ ശ്രീ. റ്റിറ്റ്സൺ ദേവസി എന്നിവർ പ്രസംഗിച്ചു.

സ്ട്രോക്കിനെ കുറിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി ലൂർദ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ലാഷ്മോബും വിവിധ ഇടങ്ങളിൽ സംഘടിപ്പിച്ചു.

# കനറ ബാങ്കിന് 4014 കോടി രൂപ അറ്റാദായം

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ കനറ ബാങ്കിന്റെ അറ്റാദായം 11.31 ശതമാനം വർധിച്ച് 4014 കോടി രൂപയിലെത്തി. ബാങ്കിന്റെ ആകെ ബിസിനസ് 9.42 ശതമാനം വളർച്ചനേടി 23.59 ലക്ഷം കോടി രൂപയിലെത്തി.

സെപ്റ്റംബർ മാസത്തെ കണക്കനുസരിച്ച് 13.47 ലക്ഷം കോടി രൂപയുടെ നിക്ഷേപവും 10.11 ലക്ഷം കോടി രൂപയുടെ വായ്പയുമാണ് രേഖപ്പെടുത്തിയത്. നിക്ഷേപങ്ങളിൽ 9.34 ശതമാനവും വായ്പകളിൽ 9.53 ശതമാനവുമാണ് യഥാക്രമം വാർഷിക വളർച്ച നേടിയത്. ചില്ലറ വ്യാപാരം, കൃഷി, സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ എന്നീ മേഖലകൾക്ക് നൽകുന്ന വായ്പകളിൽ 11.54 ശതമാനം വാർഷിക വളർച്ചനേടി 5.76 ലക്ഷം കോടി രൂപയിലെത്തി. അറ്റ നിഷ്ക്രിയ ആസ്തി മുൻ വർഷത്തെ 1.41 ശതമാനത്തിൽനിന്നും 0.99 ശതമാനമായി കുറഞ്ഞു. മൊത്തം നിഷ്ക്രിയ ആസ്തിയുടെ അനുപാതത്തിൽ കാര്യമായ പുരോഗതിയുണ്ട്. സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 3.73 ശതമാനമാണ് മൊത്തം നിഷ്ക്രിയ ആസ്തിയുടെ അനുപാതം. മുൻ വർഷത്തെ ഇതേ പാദത്തിൽ 4.76 ശതമാനമായിരുന്നു. സെപ്റ്റംബർ മാസത്തിലെ കണക്കനുസരിച്ച് രാജ്യത്തുടനീളം കനറ ബാങ്കിന് 9658 ശാഖകളും 9881 എടിഎമ്മുകളുമുണ്ട്. ലണ്ടൻ, ന്യൂയോർക്ക്, ദുബായ്, ഐബിയു ഗിഫ്റ്റ് സിറ്റി എന്നിവിടങ്ങളിൽ ഓവർസീസ് ബ്രാഞ്ചുകളുമുണ്ട്.

# ടയർക്കമ്പനികൾ തുടർച്ചയായി റബർ വാങ്ങണം: ബോർഡ്

**കോട്ടയം:** ടയർക്കമ്പനികൾ ആഭ്യന്തര റബർ വിപണിയിൽ സജീവമായി ഇടപെടണമെന്നും തുടർച്ചയായ റബർ സംഭരണം ഉറപ്പാക്കണമെന്നും റബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ.

ടയർക്കമ്പനികളുടെ പ്രതിനിധികൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട റബർ ഉപയോക്താക്കളുമായി നടത്തിയ യോഗത്തിലാണ് അദ്ദേഹം ഈ നിർദേശം മുന്നോട്ടുവച്ചത്. മാസങ്ങളായി റബറിൻറെ വില അതിവേഗം കുറയുന്ന സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള നടപടി ആവശ്യമായിരിക്കുന്നത്.

കഴിഞ്ഞ വർഷത്തെ ഏറ്റവും ഉയർന്ന ഉത്പാദനകാലയളവിലെ വൻതോതിലുള്ള ഇറക്കുമതി മൂലം റബർ വില കുറയാൻ ഇടയായി. ആ സമയത്ത് റബർകർഷകർ തുടർച്ചയായ ടാപ്പിംഗിൽ നിന്ന് വിട്ടുനിൽക്കുകയും ഉത്പാദിപ്പിക്കുന്ന റബർ പാൽ ഷീറ്റാക്കി മാറ്റുന്നതിന് പകരം പാൽ ആയിത്തന്നെ വിപണം നടത്തുകയും ചെയ്തു.

ഈ വർഷം ഇനിയും വിലയിടിവ് തുടർന്നാൽ കഴിഞ്ഞ വർഷത്തെ അതേ സാഹചര്യം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഉത്പന്നനിർമാതാക്കളെ ഓർമിപ്പിച്ചു. ഈ സാഹചര്യത്തിൽ വൻതോതിലുള്ള റബർ ഇറക്കുമതിക്ക് മുതിരാതെ ആഭ്യന്തരവിപണിയിൽ നിന്ന് പരമാവധി റബർ സംഭരിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.

റബർ പോലെയുള്ള ഒരു ദീർഘകാലവിളയിൽ പെട്ടെന്നുണ്ടാകുന്ന വിലയിടിവും അനിശ്ചിതത്വവും തുടരുന്നത് നല്ലതല്ല. കോമ്പൗണ്ടഡ് റബറിൻറെ വൻതോതിലുള്ള ഇറക്കുമതി ആശങ്കയുണ്ടാക്കുന്നതാണെന്നും അതിനാൽ വിപണിയിലെ ചലനങ്ങൾ റബർ ബോർഡ് സസൂക്ഷ്മം നിരീക്ഷിക്കുകയും ആഭ്യന്തര റബർ വിപണി സുസ്ഥിരമാകാൻ ഉപകരിക്കുന്ന നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായിക്കുന്ന റിപ്പോർട്ടുകൾ കേന്ദ്രസർക്കാരിലേക്ക് നൽകുമെന്നും എക്സിക്യൂട്ടീവ് ഡറക്ടർ പറഞ്ഞു.

# ജർമനിയിൽ ഫോക്സ്വാഗൺ പ്ലാൻറുകൾ പൂട്ടി

**ബർലിൻ:** യൂറോപ്പിലെ ഏറ്റവും വലിയ കാർനിർമാതാക്കളായ ഫോക്സ്വാഗൺ ജർമനിയിലെ തങ്ങളുടെ മൂന്ന് പ്ലാൻറുകൾ പൂട്ടി. ഇതോടെ ആയിരക്കണക്കിനു തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു.

ചെലവ് കുറയ്ക്കുന്നതിൻറെയും ബിസിനസിൽ സമഗ്രമായ അഴിച്ചുപണി നടത്തുന്നതിൻറെയും ഭാഗമായാണു മൂന്നു പ്ലാൻറുകൾ പൂട്ടിയതെന്ന് അധികൃതർ അറിയിച്ചു. യൂറോപ്പിലെ കൂടുതൽ പ്ലാൻറുകൾ പൂട്ടാൻ നീക്കമുണ്ടെന്നാണ് സൂചന.

ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കാനും കമ്പനി തീരുമാനിച്ചിട്ടുണ്ട്. ജർമനിയിലെ ഏറ്റവും വലിയ വ്യവസായ ഭീമനായ ഫോക്സ്വാഗണിൻറെ തകർച്ച രാജ്യത്തിൻറെ സമ്പദ്‌രംഗത്തെ പ്രതികൂലമായി ബാധിക്കുമെന്നാണ് വിലയിരുത്തൽ.

മൂന്നു ലക്ഷത്തോളം തൊഴിലാളികളാണ് കമ്പനിയുടെ വിവിധ രാജ്യങ്ങളിലുള്ള പ്ലാൻറുകളിലായി ജോലി ചെയ്യുന്നത്.

# ഫെഡറൽ ബാങ്കിന് റെക്കോഡ് ലാഭം, സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ 1057 കോടി രൂപ അറ്റാദായം

**കൊച്ചി:** 2024 സെപ്റ്റംബർ 30 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ 10.79 ശതമാനം വർദ്ധനവോടെ ഫെഡറൽ ബാങ്ക് 1056.69 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. മുൻ വർഷം ഇതേ പാദത്തിൽ 953.82 കോടി രൂപയായിരുന്നു അറ്റാദായം. ചരിത്രത്തിലെ ഏറ്റവുമുയർന്ന പാദവാർഷിക അറ്റാദായമാണ് ഇതോടെ ഫെഡറൽ ബാങ്ക് രേഖപ്പെടുത്തിയിരിക്കുന്നത്. അടുത്തടുത്ത പാദങ്ങളിലായി ആയിരം കോടി രൂപയിലധികം അറ്റാദായം നേടുക എന്ന നാഴികക്കല്ലും ഇതോടെ ഫെഡറൽ ബാങ്ക് കടന്നു.

'വിവിധ മേഖലകളിൽ കൈവരിച്ച മികച്ച വളർച്ച ബാങ്കിന്റെ രണ്ടാം പാദത്തെ മികവുറ്റതാക്കി. അടുത്തടുത്ത പാദങ്ങളിൽ ആയിരം കോടി രൂപയ്ക്കു മുകളിൽ അറ്റാദായം നേടാൻ കഴിഞ്ഞതിൽ ഈ മികവ് പ്രതിഫലിക്കുന്നുണ്ട്.' ബാങ്കിന്റെ എംഡിയും സി ഇ ഓയുമായ കെ വി എസ് മണിയൻ പ്രസ്താവിച്ചു. 'ഞങ്ങളുടെ ദീർഘകാല നിക്ഷേപങ്ങൾക്ക് ക്രിസിൽ എഎഎ റേറ്റിംഗ് ലഭിച്ചത് ശ്രദ്ധേയമാണ്. എല്ലാ മേഖലകളിലും നേടാൻ സാധിച്ച വളർച്ച ശക്തവും ഉൾക്കൊള്ളുന്നതുമാണ്. കൂടാതെ ആസ്തിഗുണമേന്മയും മെച്ചപ്പെട്ടു. ഈ വളർച്ചയും നേട്ടവും തുടർന്നു കൊണ്ടുപോവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്,' അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രവർത്തനലാഭത്തിലും ബാങ്കിന് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. 18.19 ശതമാനം വർധനവോടെ പ്രവർത്തനലാഭം 1565.36 കോടി രൂപയിലെത്തി. മുൻവർഷം ഇതേ കാലയളവിൽ 1324.45 കോടി രൂപയായിരുന്നു പ്രവർത്തനലാഭം.

ബാങ്കിന്റെ മൊത്തം ബിസിനസ് 17.32 ശതമാനം വർധിച്ച് 499418.83 കോടി രൂപയിലെത്തി. മുൻവർഷം ഇതേ പാദത്തിൽ 232868.43 കോടി രൂപയായിരുന്ന നിക്ഷേപം 269106.59 കോടി രൂപയായി വർധിച്ചു.

വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻ വർഷത്തെ 192816.69 കോടി രൂപയിൽ നിന്ന് 230312.24 കോടി രൂപയായി വർധിച്ചു. റീട്ടെയ്ൽ വായ്പകൾ 17.24 ശതമാനം വർധിച്ച് 72701.75 കോടി രൂപയായി. കാർഷിക വായ്പകൾ 29.40 ശതമാനം വർധിച്ച് 32487 കോടി രൂപയിലും വാണിജ്യ ബാങ്കിങ് വായ്പകൾ 24.34 ശതമാനം വർധിച്ച് 24493.35 കോടി രൂപയിലും കോർപറേറ്റ് വായ്പകൾ 10.48 ശതമാനം വർധിച്ച് 77953.84 കോടി രൂപയിലുമെത്തി. ബിസിനസ് ബാങ്കിംഗ് വായ്പകൾ 19.26 ശതമാനം വർദ്ധിച്ച് 19121.18 കോടി രൂപയായി.

അറ്റപലിശ വരുമാനം 15.11 ശതമാനം വർധനയോടെ 2367.23 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 2056.42 കോടി രൂപയായിരുന്നു.

4884.49 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 2.09 ശതമാനമാണിത്. അറ്റ നിഷ്ക്രിയ ആസ്തി 1322.29 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.57 ശതമാനമാണിത്. 71.82 ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിന്റെ അറ്റമൂല്യം 31108.20 കോടി രൂപയായി വർധിച്ചു. 15.20 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1533 ബാങ്കിംഗ് ഔട്ട് ലെറ്റുകളും 2052 എടിഎം/ സിടിഎമ്മുകളുമുണ്ട്.




# ഭാവി ശാസ്ത്രജ്ഞരെ ഒരുക്കാൻ ടാൽറോപ് ഇൻവെൻറർ പാർക്ക്

**തിരുവനന്തപുരം:** സ്കൂളുകളിൽനിന്നു ഭാവി ശാസ്ത്രജ്ഞരെ വാർത്തെടുക്കുകയെന്ന ലക്ഷ്യവുമായി ടാൽറോപിൻറെ ഇൻവെൻറർ പാർക്ക് തിരുവനന്തപുരം പോത്തൻകോട് ലക്ഷ്മീവിലാസം ഹൈസ്കൂളിൽ പ്രവർത്തനം തുടങ്ങി.ശാസ്ത്ര പരീക്ഷണങ്ങൾക്കു സ്കൂളുകളിൽത്തന്നെ അത്യാധുനിക സൗകര്യമൊരുക്കിയാണ് പാർക്കുകൾ സജ്ജമാക്കുന്നത്. ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന മീറ്റ് ദ സയൻറിസ്റ്റ് പ്രോഗ്രാമിൽ ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. ജി മാധവൻ നായർ, ഡിആർഡിഒ എയറോനോട്ടിക്കൽ സിസ്റ്റംസ് മുൻ ഡയറക്ടർ ജനറലും നൂറുൽ ഇസ്‌ലാം സർവകലാശാല വൈസ് ചാൻസലറുമായ ഡോ. ടെസി തോമസ് (മിസൈൽ വുമൺ ) എന്നിവർ മുഖ്യാതിഥികളായിരുന്നു.ഇൻവെൻറർ പാർക്കിലൂടെ വിദ്യാർഥികൾക്ക് തങ്ങളുടെ ശാസ്ത്ര അഭിരുചി തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കാനും അവസരം ലഭിക്കുമെന്ന് ടാൽറോപ് കോഫൗണ്ടറും സിഇഒയുമായ സഫീർ നജുമുദ്ദീൻ പറഞ്ഞു.

റോബോട്ടിക് ലാബ്, അസ്ട്രോണമി ലാബ്, റിസർച്ച് ആൻഡ് ഡെവലപ്മെൻറ് ലാബ് തുടങ്ങിയ ആധുനികരീതിയിലുള്ള സജ്ജീകരണങ്ങളാണ് ഇൻവെൻറർ പാർക്കിൽ ഒരുക്കിയിട്ടുള്ളത്.



# ഇഎസ്‌ജി റേറ്റിംഗിൽ മികവ് പുലർത്തി ഇസാഫ് ബാങ്ക്

**കൊച്ചി:** ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന് ഉയർന്ന ഇഎസ്‌ജി റേറ്റിംഗ് ലഭിച്ചു. സെബിയുടെ (സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) മാനദണ്ഡങ്ങൾക്ക് അനുസൃതമായി, കെയർഎഡ്ജ് ആണ് ഇസാഫ് ബാങ്കിന് ഉയർന്ന റേറ്റിംഗായ 68.1 നൽകിയത്. ഈ മേഖലയിൽ ദേശീയ ശരാശരി 51.8 ആണ്. സാമൂഹിക ഉന്നമനം ലക്ഷ്യമിട്ടുള്ള ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് 76.9 റേറ്റിംഗാണ് ലഭിച്ചത്. ഗുണമേന്മയുള്ള ബാങ്കിങ് ഉൽപന്നങ്ങൾക്ക് പുറമെ, സാമൂഹിക വികസനത്തിനും മനുഷ്യാവകാശങ്ങൾക്കുമുള്ള പിന്തുണ, ഡാറ്റ സംരക്ഷണം, സ്വകാര്യതാ നയങ്ങൾ എന്നീ മേഖലകളിൽ ഇസാഫ് ബാങ്ക് പ്രതിബദ്ധത പുലർത്തി. കഴിഞ്ഞ വർഷങ്ങളിൽ സിഎസ്ആർ പ്രവർത്തനങ്ങൾക്കായി അറ്റാദായത്തിന്റെ 5 ശതമാനം വിനിയോഗിക്കുന്ന ഇസാഫ് ബാങ്ക്, മൊത്തം വായ്പയുടെ 92 ശതമാനവും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുൻഗണന വിഭാഗങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളത്. ബിസിനസ് മൂല്യങ്ങൾ ഉയർത്തിയുള്ള ബാങ്കിന്റെ ഭരണ സംവിധാനം മികച്ചതെന്നാണ് വിലയിരുത്തൽ. ബോർഡിന്റെ നയപരമായ തീരുമാനങ്ങളും അവ നടപ്പിലാക്കുന്ന രീതിയും ഉന്നത നിലവാരത്തിലുള്ളതാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും ബാങ്ക് മികച്ച പ്രകടനമാണ് നടത്തിയിട്ടുള്ളത്. രാജ്യത്തെ ഏറ്റവും മികച്ച സോഷ്യൽ ബാങ്കായി മാറാനുള്ള ഇസാഫ് ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരമാണ് ഉയർന്ന ഇഎസ്‌ജി റേറ്റിംഗ് എന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ പോൾ തോമസ് പറഞ്ഞു. 'പാരിസ്ഥിതികവും, സാമൂഹികവും, ഭരണപരവുമായ ബാങ്കിന്റെ നയങ്ങളെല്ലാം ശരിയായ ദിശയിലാണ് മുന്നോട്ട് പോകുന്നത്. പീപ്പിൾ, പ്ലാനറ്റ്, പ്രോസ്പിരിറ്റി എന്ന ത്രിതല സമീപനമാണ് ഇസാഫ് ബാങ്കിനുള്ളത്. ബാങ്കിന്റെ വിശാലമായ ഈ കാഴ്ചപ്പാടിനെ പ്രോത്സാഹിപ്പിക്കുന്ന ആളുകളോടും സ്ഥാപനങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.' അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യത്തെ ലിസ്റ്റഡ് കമ്പനികളിൽ, 2024 ജൂലൈ മാസത്തിനു ശേഷമുള്ള ഏറ്റവും ഉയർന്ന ഇഎസ്‌ജി റേറ്റിംഗാണ് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് കരസ്ഥമാക്കിയതെന്ന് കെയർഎഡ്ജ് സിഇഒ രോഹിത് ഇനാംബർ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com